# കൊണ്ണിയൂർ സഭയുടെ ആദ്യകാല ചരിത്രം (1926-1970)

എൽ.സാം

മഹാദൈവത്തിന്റെ അനാദി നിർണ്ണയത്തിൽ, അവിടുത്തെ നിത്യ സ്നേഹത്തിലും അളവറ്റ കൃപയിലും ഒരു നൂറ്റാണ്ടിനു മുമ്പ് സ്ഥാപിതമായി. തന്റെ പരിപാലനത്തിൽ ക്രമാകൃതമായി ഇപ്പോൾ സെന്റനറി ആഘോഷിക്കുന്ന കൊണ്ണിയൂർ സഭയുടേത് അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേയ്ക്കുള്ള വളർച്ചയുടെ ചരിത്രമാണ്. ഞങ്ങളെ നടത്തിയവരെ ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുവാനുള്ള ഒരു ആഹ്വാനം മാത്രമാണ് ഈ ചരിത്ര വിവരണം. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ആരംഭിച്ച കൊണ്ണിയൂർ സഭ ഇന്ത്യയിലെ തന്നെ ആദ്യ പെന്തക്കോസ്ത് സഭകളിൽ ഒന്നായിരിക്കാൻ സാധ്യതയുണ്ട്. സമ്പൂർണ്ണ വിനയത്തോടും ദൈവത്തോടുള്ള അളവറ്റ നന്ദിയോടും കൂടെ ആ ചരിത്രം കുറിക്കുകയാണ്. "യഹോവ ഇത്രത്തോളം നമ്മെ സഹായിച്ചു"- **"ഏബൻ-ഏസെർ"** എന്നു മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ.

തിരുവനന്തപുരം ജില്ലയുടെ തെക്കൻ തീരപ്രദേശമായ പൂവാറിന് കിഴക്ക് കുളത്തൂർ, വിരാലി, കാക്കറവിള, പഴയ ഉച്ചക്കട തുടങ്ങിയ സ്ഥലങ്ങളാണ് കുഴിത്തകിടി കുടുംബത്തിന്റെ പൂർവ്വികരുടെ സ്വദേശമായി അറിയപ്പെടുന്നത്. ഞങ്ങൾക്ക് അറിയാവുന്ന ഏറ്റവും പൂർവ്വികന്റെ പേര് കൊർന്നല്ല്യോസ് (ശങ്കരലിംഗം എന്നായിരുന്നു ആദ്യത്തെ പേര്) എന്നാണ്. സ്വന്തമായി കുടുംബ ക്ഷേത്രങ്ങൾ ഉണ്ടായിരുന്ന ഹൈന്ദവ പുരോഹിതനും വൈദ്യനും മർമ്മാണി ആശാനും പ്രതാപിയുമായിരുന്നു അദ്ദേഹം. തെക്കൻ തിരുവിതാം കൂറിൽ കോളറ എന്ന മഹാമാരി പടർന്നു പിടിച്ച കാലത്ത് രോഗ ബാധയിൽ നിന്നും മരണത്തിൽ നിന്നും തന്റെ കുടുംബാംഗങ്ങളെ രക്ഷിക്കാതിരുന്ന കുലദേവന്മാരെ അദ്ദേഹം ഉപേക്ഷിച്ചു. (സൗഖ്യം ലഭിക്കുമെന്ന പ്രതീക്ഷയോടെ രോഗബാധിതരായ കുടുംബാംഗങ്ങളെ കുലദേവൻമാരുടെ മുമ്പാകെ കൊണ്ടു കിടത്തി. എല്ലാവരും മരിച്ചു) പിൽക്കാലത്ത് സ്വപുത്രൻ മനശ്ശയുടെ ഉപദേശം മുഖാന്തിരം അദ്ദേഹം യേശുക്രിസ്തുവിനെ കണ്ടെത്തി. കൊർന്നല്ല്യോസ് എന്ന ക്രൈസ്തവ നാമം സ്വീകരിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ അത്ഭുതകരമായ ഈ മാനസാന്തരം നടന്നതായി വിചാരിക്കുന്നു. കുഴിത്തകിടി പുരയിടത്തിന്റെ പ്രമാണത്തിൽ കൊർന്നല്ല്യോസ് എന്ന പേരാണുള്ളത് (ശങ്കരലിംഗം എന്ന് തെറ്റായി വിളിച്ചുവന്ന കൊർന്നല്ല്യോസ് എന്ന് എഴുതിയിരിക്കുന്നു.

**<u>കൊന്നല്ല്യോസും മൂന്ന് പുത്രൻമാരും</u>**

കൊന്നല്ല്യോസിന് മൂന്ന് പുത്രന്മാർ ഉണ്ടായിരുന്നു. കൊർന്നല്ല്യോസിന്റെ മരണ ശേഷം മൂത്ത രണ്ട് പുത്രന്മാരും കാട്ടാക്കട പ്രദേശത്ത് വന്നു. മൂത്ത മകൻ പരമാനന്ദം കപ്യാർ കാട്ടാക്കടയ്ക്കു കിഴക്ക് കാക്കമുകൾ എന്ന സ്ഥലത്ത് താമസമാക്കി. പന്ത്രണ്ട് മക്കളുള്ള ഒരു വലിയ കുടുംബം കാട്ടാക്കട എൽ.എം.എസ് പള്ളിയിലെ അംഗങ്ങളായിരുന്നു. ഇവർ മിക്കവരും കാക്കമുകൾ ചുറ്റളവിൽ തന്നെ താമസിക്കുന്നു. ആ കുടുംബത്തിൽ നിന്നും ചുരുക്കം പേരേ പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ചതായി അറിവുള്ളൂ. പിൻതുടർച്ച ക്കാരിൽ പുനലാൽ താമസിച്ചിരുന്ന ജേക്കബ് അച്ചന്റെ മകൻ യേശുദാനം കണിയാർകോണം എ.ജി വിശ്വാസിയാണ്. മിസ്റ്റർ.യേശുദാന ത്തിന്റെ ജേഷ്ടൻ ജേക്കബ് നേശമണി (എഞ്ചിനീയർ) പി.എം.ജി ചർച്ചിലെ ശുശ്രൂഷകനും ഭരണസമിതി അംഗവുമാണ്. ജേക്കബ് നേശമണി 1972-ൽ എ.ജി ആനാകേട് നടന്ന ഒരു സി.എ ക്യാമ്പിൽ സംബന്ധിക്കയും സ്നാനം ഏൽക്കുകയും ചെയ്തു. ജേക്കബ് നേശമണിയുടെ ഇളയ സഹോദരൻ ഡോ.സത്യനേശൻ കാട്ടാക്കടയിൽ അറിയപ്പെടുന്ന ഡോക്ടർ ആണ്.

**<u>ദാവീദ്</u>**:-കൊർന്നല്ല്യോസിന്റെ രണ്ടാമത്തെ മകൻ ക്രിസ്തുമാർഗ്ഗത്തിലേയ്ക്കു വന്നപ്പോൾ മുതൽ ദാവീദ് എന്നായിരുന്നു പേര്. കാട്ടാക്കടയ്ക്ക് വടക്ക് പൂവച്ചൽ വെള്ളനാട് റോഡിൽ ഉണ്ടപ്പാറയ്ക്ക്

താഴെയായി കുഴിത്തകിടിയിൽ 6 ഏക്കർ വസ്തു പതിപ്പിച്ചു വാങ്ങി അവിടെ താമസമാക്കി. കുഴിയാനി എന്ന സ്ഥലത്ത് നിന്നും കുടിയേറി പാർത്ത ചിലരുടെ സഹകരണത്തിൽ കൊണ്ണിയൂർ എൽ.എം.എസ് പള്ളിയിലെ ആദ്യകാല അംഗങ്ങളായി തീർന്നു. ദാവീദ് കുടുംബം പെന്തക്കോസ്തുകാരായി തീർന്നു. ദാവീദ് കുടുംബം പെന്തക്കോസ്തുകാരായി തീർന്ന ചരിത്രം അടുത്ത പേജുകളിൽ വിവരിക്കുന്നു.

**<u>മനശ്ശെ</u>**:- മൂന്നാമത്തെ പുത്രൻ മനശ്ശെ (1875-1938) ആണ്. ഹൈന്ദവനാമം ഉണ്ടായിരുന്നോ എന്നറിയില്ല. കേരളക്കരയിലെ ആദ്യ പെന്തക്കോസ്തു ശുശ്രൂഷകന്മാരിൽ ഒരാളായിരുന്നു പാസ്റ്റർ സി.മനശ്ശെ. മനശ്ശെയുടെ ബാല്യത്തിൽ അമ്മ മരിച്ചുപോയി. പിതാവ് പുനർ വിവാഹം ചെയ്തു. സ്വഭവനത്തിൽ കാര്യമായ ആദരവില്ലാതെയും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെയും ബാല്യത്തിൽ അലഞ്ഞു പോയ മനശ്ശെയെ പരണിയം എൽ.എം.എസ് പള്ളിയിലെ ആളുകൾ സ്നേഹിക്കുകയും ആരാധനകളിൽ സംബന്ധിക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു. ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ മനശ്ശെയുടെ വേദപരിജ്ഞാനവും സുവിശേഷ വേലയിലുള്ള താല്പര്യവും മനസ്സിലാക്കി പൂവ്വാർ പള്ളിയിലെ സ്വമേധ സുവിശേഷകനായി അവർ നിയമിച്ചു. വേദപുസ്തകാടിസ്ഥാനത്തിലുള്ള ആരാധന ക്രമത്തിന് വേണ്ടി വാദിച്ച മനശ്ശെയെ അന്നത്തെ ചാണ്ടി എൽ.എം.എസ് സർക്കിൾ ചെയർമാൻ പ്രസീദം അച്ചൻ വിസ്തരിക്കയും ഉപദേശി ജോലിയിൽ നിന്നും പിരിച്ചു വിടുകയും ചെയ്തു. സത്യം നിമിത്തം പീഢയനുഭവിച്ച് വിഷണ്ണരായിരിക്കുന്ന മനശ്ശെയെയും ഭാര്യ ശീലാൾ ടീച്ചറെയും കുറിച്ച് മദ്രാസിൽ പാർത്തിരുന്ന എ.ജി മിഷണറി റവ.ആൾഡ് വിങ്കിളിന് ദൈവം ഒരു ദർശനം നൽകി. അതനുസരിച്ച് ഒരു മിഷണറി യാത്ര ചെയ്ത് പരണിയത്തു വന്ന് അവരെ സന്ദർശിച്ചു. മനശ്ശെയും ഭാര്യയും പൂവ്വാർ നദിയിൽ സ്നാനം ഏറ്റു. തെക്കൻ തിരുവിതാംകൂറിലെ ആദ്യത്തെ മുഴുകൾ സ്നാനമായിരുന്നു അത്. അധികം താമസിയാതെ ശീലാൾ ടീച്ചറും 1921 സെപ്റ്റംബർ 13-ന് മനശ്ശെയെയും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു.

പാഃ മനശ്ശെയുടെ ശുശ്രൂഷയിലാണ് ഐ.പി.സി.സ്ഥാപകനായ കെ.ഇ.എബ്രഹാം പരിശുദ്ധാത്മ സ്നാനം പ്രാപിച്ചത്. പാഃ കെ.ഇ.എബ്രഹാമിന്റെ യേശുക്രിസ്തുവിന്റെ എളിയ ദാസൻ എന്ന തന്റെ ആത്മകഥയിൽ പരിശുദ്ധാത്മ സ്നാനലബ്ധി എന്ന ശീർഷകത്തിൽ പേജ് 20-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

അല്പ സമയത്തെ വിശ്രമാനന്തരം ഞങ്ങൾ ഇരുവരും ഒന്നിച്ച് പ്രാർത്ഥന ആരംഭിച്ചു. അങ്ങനെ ഞങ്ങൾ പ്രാർത്ഥനയിൽ ഇരിക്കുമ്പോൾ പ്രിയ സഹോദരൻ ആത്മനിയുക്തനായി എന്റെ തലമേൽ തന്നെ കൈകൾ വച്ച് എനിക്ക് പരിശുദ്ധാത്മ സ്നാനം ലഭിക്കേണ്ടതിന് വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. തൽസമയം ഇലക്ട്രിക് കറണ്ട് പാസ് ചെയ്യുന്നത് പോലുള്ള ഒരു ശക്തിയുടെ വ്യാപാരം എന്നിൽ അനുഭവപ്പെട്ടു. ആത്മാവിന്റെ അതീതമായ ശക്തി എന്നെ സ്പർശിച്ച് എന്റെ ശരീരമാകെ വിറച്ചു. ഉത്തരോത്തരം അധീകരിക്കുന്ന ശക്തി എന്നിലേയ്ക്ക് കടന്നുവന്നു. പെന്തക്കോസ്തനുഭവ സ്ഥരായിത്തീർന്ന മനശ്ശെയും ശീലാൾ റ്റീച്ചറും വളരെ ശക്തിയായി സുവിശേഷ പ്രവർത്തനം ആരംഭിച്ചു. (ദൂതൻ 1999 ജൂൺ)

സ്വാഭാവികമായും കുഴിത്തകിടിയിൽ ദാവീദും കുടുംബാംഗങ്ങളും പെന്തക്കോസ്ത് ഉപദേശങ്ങളിലേയ്ക്ക് ആകർഷിക്കപ്പെട്ടു. തങ്ങളുടെ കൂടെ പരിശ്രമഫലമായി പണിതിരുന്ന കൊണ്ണിയൂർ എൽ.എം.എസ് പള്ളിയും സമൂഹവും വിട്ടുപോരുക എളുപ്പമായിരുന്നില്ല. അന്നു ദാവീദിന്റെ രണ്ട് പുത്രന്മാരും, മൂന്ന് പുത്രിമാരും വിവാഹിതരാകാനുണ്ടായിരുന്നു. ഇവരുടെ വിവാഹം എങ്ങനെ നടക്കും? മരണം സംഭവിച്ചാൽ ആര് സംസ്കാരം നടത്തും? തുടങ്ങിയ ചോദ്യങ്ങൾ ഉയർന്നു. ബാർബറേയും, അലക്കുകാരനേയും പള്ളിക്കാർ തന്നെ വിരോധിച്ചു. ചുരുക്കത്തിൽ ഏതാണ്ടൊരു ഊരുവിലക്ക് ഈ കുടുംബത്തിന് നേരിടേണ്ടി വന്നു. എങ്കിലും തങ്ങൾ ഗ്രഹിച്ച സത്യത്തെ നിരസിക്കുവാൻ ദാവീദും കുടുംബവും ഒരുമ്പെട്ടില്ല. 1944 മെയ് 23-ന് ദാവീദും 1953-ൽ ഭാര്യ

അരുളായിയും കർത്തൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു. ഇവരുടെ സംസ്കാര ശുശ്രൂഷയിൽ വമ്പിച്ച ജനക്കൂട്ടം സംബന്ധിച്ചിരുന്നു. വിശ്വാസത്തിൽ അന്നുവരേയും അവർ ഉറച്ചു നിന്നു എന്ന സാക്ഷ്യം പ്രാപിച്ചു.

**ദാവീദും കുടുംബവും പെന്തക്കോസ്തിലേയ്ക്ക്**

പെന്തക്കോസ്തിന്റെ തെക്കൻ തിരുവിതാംകൂറിലെ ആദ്യഫലങ്ങൾ എന്നു പറയാവുന്ന നിലയിൽ ദാവീദും ഭാര്യ അരുളായിയും പുത്രന്മാരായ ലാസറും, ജോഷ്വായും ഒരു പുത്രി ജ്ഞാനമുത്തും പൂവച്ചൽ കാട്ടാക്കട റോഡിലുള്ള നക്രാംചിറയിൽ മുഴുകൽ സ്നാനമേറ്റു. പാസ്റ്റർ മനശ്ശെ ആയിരുന്നു സ്നാപകൻ. 1925-ന് മുമ്പായിരിക്കണം ഈ സ്നാനം നടന്നത്. ഈ പ്രദേശത്തെ ആദ്യ സ്നാനം ആയിരുന്നു ഇത്. 1926-ൽ തന്നെ കുഴിത്തകിടിയിലെ സ്വന്തം ഭവനത്തിന്റെ വരാന്തയിൽ ആരാധന ആരംഭിച്ചു. അധികം താമസിയാതെ ആരാധന ഒരു ഷെഡിലേയ്ക്ക് മാറ്റി. ആദ്യത്തെ സുവിശേഷകൻ ഡി.ലാസർ ആയിരുന്നു.

1936-ൽ കുഴിത്തകിടി കുടുംബ പുരയിടത്തിൽ തന്നെ സാമാന്യം വലിപ്പമുള്ള ഒരു പള്ളി കെട്ടിടം നിർമ്മിച്ചു. അരുവിക്കരയിൽ അണക്കെട്ടിന്റെ പണി നടക്കുന്ന കാലത്ത് മുറിച്ച് മാറ്റിയ തെങ്ങ് വാങ്ങി അറുത്ത് തലച്ചുമടായി കൊണ്ടു വന്നാണ് പള്ളിക്കെട്ടിടം പണിതത്. തെക്കൻ തിരുവിതാംകൂറിൽ പാസ്റ്റർ മനശ്ശെയുടെ ശുശ്രൂഷയിൽ മേൽപുറം എന്ന സ്ഥലത്ത് മാത്രമേ അന്ന് വേറൊരു പെന്തക്കോസ്തു സഭാഹാൾ ഉണ്ടായിരുന്നുള്ളു. അക്കാലത്ത് തന്നെ മിഷണറിമാർ കൊണ്ണിയൂരിൽ വന്ന് തുടങ്ങിയതിനാൽ അവർക്ക് താമസിക്കത്തക്കവണ്ണം സാമാന്യം വലിപ്പമുള്ള രണ്ട് മുറികൾ കൂടെ പള്ളി കെട്ടിടത്തോട് ചേർത്ത് പണിയിച്ചിരുന്നു. മൂന്ന് പ്രാവശ്യമായിട്ടാണ് പള്ളിയുടെ മേൽക്കൂര ഓട് മേഞ്ഞത്. അതിനുശേഷം പള്ളിയുടെ ബേസ്മെന്റിനു ചുറ്റും കല്ല് കൊണ്ട് വരാന്തകെട്ടി ബലപ്പെടുത്തുകയുണ്ടായി. ഞങ്ങൾ കാണുന്നത് ഈ കെട്ടിടമാണ്.

**കുടുംബ സഭ**:- ദാവീദ് അരുളായി ദമ്പതികളും മക്കളും മരുമക്കളുമായി താഴെപ്പറയുന്ന കുടുംബങ്ങളാണ് അവിടെ ആരാധനയ്ക്ക് കൂടി വന്നിരുന്നത്. യോസേഫ്-റാഹേൽ, ജ്ഞാനമണി-യോവേൽ (വള്ളിപ്പാറ), ജ്ഞാനാഭായി-ജെയിംസ് (വട്ടവിള), ലാസർ-ദാസമ്മ, ജോഷ്വ-എൽസി, ആലീസ്-യശയ എന്നിവരും അവരുടെ മക്കളും കൂടി വരുന്നതായിരുന്നു ഈ കൂട്ടായ്മ. ദാവീദിന്റെ മൂത്ത പുത്രി സ്നേഹപ്പ-പത്രോസ് കുടുംബം നെയ്യാറ്റിൻകരയ്ക്ക് അല്പം തെക്ക് മുളകുതോട്ടം (പിരായുംമൂട്) താമസമാക്കി. വ്ലാങ്ങാമുറി എൽ.എം.എസ് പള്ളിയിലെ അംഗങ്ങളായി തുടർന്നു. ഇവരുടെ ഇളയപുത്രി ഡൈസി ഒരു പെന്തക്കോസ്തു സഭാ ശുശ്രൂഷക്കാരനായ പാസ്റ്റർ ലാസറിന്റെ ഭാര്യയാണ്. (തെങ്ങും പള്ളി) ജ്ഞാനമുത്ത് ദേവരം പ്രസംഗിയാർ കുടുംബം കളിയിക്കാവിള വല്ലറക്കാവിളയിൽ പാർത്തു. ദേവരം പ്രസംഗിയാർ ആറ്റൂർ എം.ജി സഭയുടെ ശുശ്രൂഷകനായിരുന്നു. ഇളയപുത്രി നേശമ്മയുടെ ഭർത്താവ് എം.ജോൺസനും വിഴവൂരിൽ താമസമാക്കി. എം. ജോൺസൻ മിലിട്ടറി സേവനത്തിന് ശേഷം പുനലൂർ ബൈബിൾ സ്കൂൾ അഭ്യസനം കഴിഞ്ഞ് (കേരളവും, കന്യാകുമാരിയും ജില്ല ഉൾപ്പെടെ) സി.എ-യുടെ ആദ്യത്തെ പ്രസിഡന്റായും മിഷണറിമാരുടെ പരിഭാഷകനായും സേവന മനുഷ്ഠിച്ചു. 1950-ന് മുമ്പ് ജ്ഞാനമുത്ത്-ദേവരം കുടുംബം കുഴിത്തകിടിയ്ക്ക് വടക്ക് പുള്ളിപ്പാറയിൽ താമസമായി കൊണ്ണിയൂർ സഭാംഗങ്ങളായി തീർന്നു.

പാസ്റ്റർ മനശ്ശെയുടെ ജാമാതാക്കളിൽ രണ്ടുപേർ അസംബ്ലീസ് ഓഫ് ഗോഡ് ശുശ്രൂഷകന്മാരായിരുന്നു. പാസ്റ്റർ എ.ജോഷ്വ പളുകൽ എന്ന സ്ഥലത്ത്, പാഃആർ.സാമുവൽ പ്ലാന്തോപ്പ് എന്ന സ്ഥലത്തും, പാഃമനശ്ശെ ആരംഭം മുതൽ തന്നെ എ.ജി മിഷണറിമാരുടെ സഹകരണത്തിലും കൂട്ടായ്മയിലുമാണ് പ്രവർത്തിച്ചു പോന്നത്. മിസ്സിസ് മേരിലിന്റ് ബർഗ്ഗ്, മിസ്സിസ് ലെയ്നാർഡ് മിഷണറിമാർ കുഴിത്തുറയിൽ താമസിച്ചുകൊണ്ട് എ.ജി പ്രവർത്തനങ്ങളെ സഹായിച്ചുപോന്നു. തെക്കൻ സെക്ഷനിലെ (കന്യാകുമാരി ജില്ല) സഭകൾക്ക് പുറമെ കൊണ്ണിയൂർ, പച്ചക്കാട് തുടങ്ങിയ സഭകളും

അവരുടെ ചുമതലയിലായിരുന്നു. കൺവെൻഷൻ നടക്കുമ്പോൾ വെള്ളിയാഴ്ച വൈകിട്ട് കാറിൽ യാത്ര ചെയ്ത് കുഴിത്തകിടിയിൽ എത്തി പള്ളിയോടു ചേർന്നുള്ള മുറിയിൽ താമസിച്ച് യോഗങ്ങളിൽ സംബന്ധിച്ച് ഞായർ രാത്രി മടങ്ങി പോകുന്നതാണ് മിഷണറിമാരുടെ പതിവ്.

പാസ്റ്റർ മനശ്ശെ പൊതു ശുശ്രൂഷകനായി പ്രവർത്തിച്ചിരുന്നു. (1937-ൽ ലാസർ-ദാസമ്മ ദമ്പതികളുടെ ആദ്യ ശിശുവിനെ അദ്ദേഹം പ്രതിഷ്ഠിക്കയും ശേം എന്ന പേരിടുകയും ചെയ്തു. 1938-ൽ പാഃമനശ്ശെ തന്റെ ശുശ്രൂഷകൾ തികച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. ശീലാൾ അമ്മ 1970-ൽ കർത്തൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു. പാസ്റ്റർ മനശ്ശെയുടെ മരണത്തിനു ശേഷം പാസ്റ്റർ ആർ.സാമുവേൽ പ്ലാന്തോപ്പ് സഭാ ശുശ്രൂഷകൾക്ക് പുറമേ പഴയ തെക്കൻ തിരുവിതാംകൂർ വേലയുടെ പൊതു ചുമതലകൂടി വഹിച്ചിരുന്നു. അന്ന് പ്രസ്ബിറ്റർ എന്ന സ്ഥാനമൊന്നും ആരും ഉപയോഗിച്ചിരുന്നില്ല. കുഴിത്തകിടിയിൽ അല്പം താഴെ പുള്ളിപ്പാറ തോട്ടുമുക്കിൽ അണകെട്ടി നടത്തിയ ഒരു സ്നാന ശുശ്രൂഷ ഞാൻ ഓർക്കുന്നു. പാസ്റ്റർ ആർ,സാമുവേലായിരുന്നു സ്നാപകൻ. സ്നാനപ്പെട്ടതിൽ ഒരാൾ ബ്ര.അബ്രഹാം (ബ്ര.ഗബ്രിയേലിന്റെ പിതാവ്) ആയിരുന്നു. പിൽക്കാലത്ത് കുഴിത്തകിടിയിലെ നീരാഴിയിലും, പൂവച്ചൽ മണിയൻചിറയിലും ആണ് സ്നാനം നടത്തിയിട്ടുള്ളത്.

## സന്ദർശകരായ ശുശ്രൂഷകന്മാർ

അക്കാലത്ത് കുഴിത്തകിടി സഭയിലെ സന്ദർശകരിലൊരാൾ തിരുവല്ല സ്വദേശിയും പച്ചക്കാട് എ.ജി.ശുശ്രൂഷകനുമായ M.I.ഡേവിഡ് ഉപദേശിയാണ്. ഈ നാട്ടിൽ അക്കാലത്ത് കണ്ടിട്ടുള്ള ഒരേയൊരു ജൂബാക്കാരൻ അദ്ദേഹമാണ്. ടാമറിൻ കുലുക്കികൊണ്ടുള്ള പാട്ടുകൾ കുട്ടികളായ ഞങ്ങൾക്ക് കൗതുകമായിരുന്നു. ശാസ്താംകാട് സത്യദാസ് സന്യാസി മറ്റൊരു സന്ദർശകനായിരുന്നു. വിഴവൂരിൽ നിന്നുള്ള മത്തായി ആശാൻ എന്ന പിതാവിന്റെ താടിയും പണ്ടത്തെ വീരശൂര പരാക്രമങ്ങളെക്കുറിച്ചുള്ള വർണ്ണനയുമടങ്ങുന്ന പ്രസംഗവും എല്ലാവരെയും ആകർഷിച്ചിരുന്നു. സൈക്കിളിൽ യാത്ര ചെയ്താണ് പാസ്റ്റർ ആർ.സാമുവലും മത്തായി ആശാനും കുഴിത്തകിടിയിൽ വന്നിരുന്നത്. അക്കാലത്തെ മറ്റൊരു സന്ദർശകൻ കളിയിക്കാവിള ആലമ്പാറ സ്വദേശി ഏനോക്ക് പ്രസംഗിയാർ ആയിരുന്നു. 1927-ൽ റവ.ജോൺ.എച്ച് ബർജസ് മാവേലിക്കരയിൽ ആരംഭിച്ച ബഥേൽ ബൈബിൾ സ്കൂളിലെ ആദ്യകാല വിദ്യാർത്ഥി കളിൽ ഒരാളായിരുന്നു. ഡി.ജോഷ്വ, ചില വർഷങ്ങൾക്ക് ശേഷം ഡി.ലാസറും അവിടെ വേദപുസ്തക പഠനം നടത്തി. പാസ്റ്റേഴ്സ് ഇ.പി. ഡാനിയേൽ, സി.കുഞ്ഞുമ്മൻ, കെ.എം. പണിക്കർ, ആർ.സാമുവൽ, എ.കെ.പാപ്പച്ചൻ, പി.എൻ സഖറിയ, സോളമൻ ഡാനിയേൽ എന്നിവർ ബൈബിൾ സ്കൂളിൽ സതീർത്ഥരായിരുന്നു.

**<u>മിഷണറിമാർ</u>**:- മിഷണറി ബർജ്ജസ്, മിസ്കുസേറ, മിസ്.മിൽഡ്രഡ്സ് ഗിൻ, മിസ്. ഗ്രെയ്നർ എന്നിവരും കൊണ്ണിയൂർ സഭ കൂടെ കൂടെ സന്ദർശിച്ചുപോന്നു. പിൽക്കാലത്ത് മിസ്സ്. എസ്‌ലർ, മിസ്.ഐ.ബി.ഹോഡ്ജ് എന്നീ മിഷണറിമാർ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകിയിട്ടുണ്ട്. 1932-ൽ തിരുവനന്തപുരത്തു വന്ന് അസംബ്ലീസ് ഓഫ് ഗോഡ് ബന്ധത്തിൽ പ്രവർത്തനമാരംഭിച്ച പാസ്റ്റർ എ.സി സാമുവൽ കൊണ്ണിയൂർ സഭ സന്ദർശിക്കുകയും സഹകരിക്കുകയും ചെയ്തിട്ടുണ്ട്. കൊണ്ണിയൂർ സഭയുമായി അദ്ദേഹത്തിന് വളരെ ദൃഢമായ ഒരു ആത്മ ബന്ധം തന്നെ ഉണ്ടായിരുന്നു. കുഴിത്തകിടിയിൽ ദാവീദിന്റെ കുടുംബ വസ്തുവിൽ പണികഴിപ്പിച്ചിരുന്ന പള്ളിയും അതിനോടു ചേർന്ന് പത്ത് സെന്റ് സ്ഥലവും പാസ്റ്റർ.എ.സി.സാമുവേലിന്റെ ഉൽസാഹത്തി ലാണ് എ.ജി യുടെ പേരിൽ പ്രമാണമെഴുതി വാങ്ങിയത്. പാസ്റ്റർ സി.കുഞ്ഞുമ്മൻ, പാസ്റ്റർ കെ.എം.പണിക്കർ തുടങ്ങിയ ആദ്യ കാല പ്രവർത്തകരും സ്ഥിരമായി കൊണ്ണിയൂരിലെ കൺവെൻഷനുകളിൽ പ്രസംഗകരായി വന്നിട്ടുണ്ട്. ചെങ്കോട്ടയിൽ പ്രവർത്തിച്ചിരുന്ന എഡ്വേഡ്സ്, പൂനയിൽ പാർത്തിരുന്ന സി.ഡി.ഹോളമൻ എന്നിവരും പ്രസംഗകരായി

വരാറുള്ളത് ഓർക്കുന്നു. റോബർട്ട് ഷെവർ കുടുംബവുമായി തിരുവനന്തപുരത്ത് വന്നപ്പോൾ ആദ്യമായി കൊണ്ണിയൂരിലാണ് സന്ദർശനം നടത്തിയത്. 1950-ൽ സോർബൊ കുടുംബം വന്നപ്പോഴും ആദ്യ സന്ദർശനം കൊണ്ണിയൂരിൽ ആയിരുന്നു. 1983-ൽ സോർബോ കുടുംബം വന്നപ്പോഴും ആദ്യ സന്ദർശനം കൊണ്ണിയൂരിയാരിരുന്നു.1983-ൽ സോർബോ കുടുംബം അമേരിക്കയിലേയ്ക്ക് മടങ്ങി പോകുന്നതുവരെയും കൂടെ കൂടെ കൊണ്ണിയൂർ സന്ദർശിക്കുമായിരുന്നു. ഇപ്പോൾ കൊണ്ണിയൂർ എ.ജി.ഹോൾ പണിതിരിക്കുന്ന റോഡരികിലെ സ്ഥലം വാങ്ങുന്നതിൽ റവ.സോർബോ, പാസ്റ്റർ എ.സി.സാമുവലും അത്യുത്സാഹം കാണിച്ചിരുന്നു വെന്നു പറയാം. 1954-ൽ പാസ്റ്റർ പി.ഡി.ജോൺസൻ കൊണ്ണിയൂർ സഭയുമായി സഹകരിച്ചിരുന്നു. കൺവെൻഷൻ പ്രസംഗകരായി പാസ്റ്റേഴ്സ് കെ.എം.പണിക്കർ, എ.കെ.പാപ്പച്ചൻ, സി.കുഞ്ഞുമ്മൻ, പി.എൻ.സഖറിയ, ഇ.പി.ഡാനിയേൽ, എം.ജോൺസൻ, സി.കെ.ജോർജ്ജ് തുടങ്ങിയവർ ശ്രേഷ്ഠമായ ശുശ്രൂഷ തികച്ചിട്ടുണ്ട്. പിൽക്കാലത്ത് സോളമൻ വാസ്റ്റർ, സാം മാസില്ലാമണി തുടങ്ങിയവരും യുവജന സമ്മേളനങ്ങളിൽ പ്രസംഗകരായി വന്നിട്ടുണ്ട്. സഹോദരൻ ജോർജ്ജിന്റെ അമ്മായിയപ്പൻ പാസ്റ്റർ വൈ.ചെല്ലപ്പ, ജസ്റ്റസിന്റെ അമ്മായിയപ്പൻ പാസ്റ്റർ എം.ഐ.തോമസ് എന്നിവരും കൂടെക്കൂടെ സഭ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിട്ടുണ്ട്.

**<u>സുവിശേഷകൻ ഡി.ലാസർ</u>**

കുഴിത്തകിടി സഭയുടെ ആരംഭം മുതൽ സുവിശേഷകൻ ഡി.ലാസറാണ് ശുശ്രൂഷകനായിരുന്നത് എന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തികഞ്ഞ ശാന്തശീലനായ സുവി.ലാസർ കുടുംബത്തിലും സഭയിലും എല്ലാവർക്കും ഒരു നല്ല മദ്ധ്യസ്ഥനായിട്ടാണ് ജീവിച്ചതും, ശുശ്രൂഷിച്ചതും. കുടുംബങ്ങളെ എല്ലാവരെയും സൺഡേസ്കൂളിലും ഇതര പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുപ്പിച്ചിരുന്നു. സോർബോ സായ്പ് സി.എ എന്ന യുവജന പ്രസ്ഥാനത്തിന് ആരംഭമിട്ടപ്പോൾ ആദ്യം സി.എ പ്രാദേശിക ഘടകം രൂപീകരിച്ചത് സുവി.ലാസർ ആയിരുന്നു. 27 വർഷക്കാലത്തെ തുടർച്ചയായ കൊണ്ണിയൂർ സഭാശുശ്രൂഷ കാലയളവിന് ശേഷം 1953-ൽ പച്ചക്കാട്ടേയ്ക്ക് ആദ്യമായി സ്ഥലം മാറി. പച്ചക്കാട് സഭയ്ക്ക് 1955-ൽ പുതിയ കെട്ടിടം പണിയിച്ചു. 1957 മുതൽ 1960 വരെ നെട്ടുങ്കുഴിയിലും പിന്നീട് കുട്ടതട്ടി (ഉറിയാക്കോട്), കണ്ണംപള്ളി സഭകളിലും ശുശ്രൂഷകനായിരുന്നു. ഇദ്ദേഹം നെട്ടുംകുഴി സഭാ ശുശ്രൂഷകനായിരിക്കുമ്പോൾ ഒരു ഭവന സന്ദർശനം കഴിഞ്ഞ് വരുന്ന അവസരത്തിൽ കാൽ വഴുതി വീണ് ഇടത്തെ കൈ ഒടിഞ്ഞു പോയി. കർത്താവ് അതിൽ നിന്നും വിടുവിച്ചു. 1974-ൽ ഒക്ടോബർ 22-ന് സുവിശേഷകൻ ഡി.ലാസർ കർത്താവിൽ നിദ്ര പ്രാപിച്ചു. ഭാര്യ ദാസമ്മ 1986 ഫെബ്രുവരി 1-ന് കർത്തൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു.

**<u>പാസ്റ്റർ ഡി.ജോഷ്വ</u>**:- ദാവീദിന്റെ ഇളയ പുത്രനായിരുന്നു ഡി.ജോഷ്വ മേൽപ്പുറം, കളിയിക്കാവിള തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായിരുന്ന ശേഷം 1950-ൽ വെള്ളനാട് സഭയുടെ ശുശ്രൂഷകനായി ചാർജ്ജെടുത്തു. പാഃഡി.ജോഷ്വ അവിടെ സഭാഹോളും പാർസണേജും പണികഴിപ്പിച്ചു. 1953-1957 വരെ കൊണ്ണിയൂരിലും കുറച്ചുകാലം വിളപ്പിലും ശുശ്രൂഷകനായിരുന്നു. കാത്തിരിപ്പ് യോഗങ്ങളിൽ സഹായിച്ചുവന്ന കുഞ്ഞമ്മ, സാറാമ്മ സഹോദരിമാരുടെ ത്യാഗപൂർണ്ണമായ ശുശ്രൂഷ നന്ദിയോടെ ഓർക്കുന്നു. 1954-ൽ ഡിസ്ട്രിക്ട് കമ്മിറ്റി അംഗമായിരുന്നു. കൊണ്ണിയൂർ സെന്ററിന്റെ ചുമതലയും സെന്റർ സി.എ പ്രസിഡന്റ് സ്ഥാനവും വഹിച്ചിരുന്നു. 1958 ഒക്ടോബർ 14-ന് ജോഷ്വ കർത്താവിൽ നിദ്രപ്രാപിച്ചു. ഭാര്യ എൽസി 1967 ആഗസ്റ്റ് 28-ന് കർത്തൃ സന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു.

**<u>ജോസഫ് ഡീക്കർ</u>**:- ദാവീദിന്റെ മൂത്തപുത്രൻ ജോസഫ് രക്ഷിക്കപ്പെട്ടതിനു ശേഷം സഭയിൽ ഡീക്കനായും സൺഡേസ്കൂൾ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിരുന്നു. കുടുംബത്തിലെ കാർണവർ എന്ന നിലയിൽ അദ്ദേഹത്തെ എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും

ചെയ്തിരുന്നു. ക്ലാസ്സുകളിൽ കുട്ടികളുടെ അച്ചടക്കവും കൃത്യമായ വചനപഠനവും അദ്ദേഹം നിർബന്ധമാക്കിയിരുന്നു. 1962 ജനുവരി 28-ന് അദ്ദേഹം കർത്തൃസന്നിധിയി ലേയ്ക്ക് ചേർക്കപ്പെട്ടു.

ദാവീദിന്റെ പുത്രി ജ്ഞാനമുത്തിന്റെ ഭർത്താവാണ് ദേവരം പ്രസംഗിയാർ ഇളയപുത്രി നേശമ്മയുടെ ഭർത്താവ് പാസ്റ്റർ എം.ജോൺസൻ എന്നിവർ എ.ജി ശുശ്രൂഷക രായിരുന്നു. ദേവരം പ്രസംഗിയാരുടെ മകൻ ഡി.സ്റ്റീഫൻ, പാസ്റ്റർ ജോൺസന്റെ മകൻ ജെ.വില്യം എന്നിവർ എ.ജി ശുശ്രൂഷകരാണ്. ജോസഫിന്റെ പുത്രൻ എബനേസർ എ.ജി സഭാശുശ്രൂഷകനായും സെൻട്രൽ പാസ്റ്ററായും സേവനമനുഷ്ഠിച്ചിരുന്നു. മറ്റൊരു മകനായ ഗർഷോമിന്റെ പുത്രൻ ജോൺസൻ വിഴവൂർ എ.ജി ശുശ്രൂഷകനാണ്. ഇളയ പുത്രൻ ഡാനിയേൽ ശാരോൺ സഭയുടെ പാസ്റ്റർ ആയിരുന്നു. ഡാനിയേലിന്റെ ഏകപുത്രൻ ജയൻ ആര്യൻകോട് എ.ജി. ശുശ്രൂഷകനാണ്. വട്ടവിളയിൽ ജ്ഞാനാഭായി ജെസിംഗ് ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ ജെ.എലയാസർ പറണ്ടോട് സഭാ ശുശ്രൂഷകനായിരിക്കെ നിദ്രപ്രാപിച്ചു.

## സഭാഹോൾ പള്ളിയിൽ അറിയപ്പെടാത്ത അല്പം ചരിത്രം

കുഴിത്തകിടിയിലെ പത്തു സെന്റിന് പുറമേ യശയ്യാ ഡീക്കന്റെ പുരയിടത്തിന്റെ തെക്കേ അറ്റത്ത് അദ്ദേഹം സംഭാവന നൽകിയതും നാം വിലക്കു വാങ്ങിയതുമായ 25 സെന്റ് സ്ഥലം ഉണ്ടായിരുന്നു. ചരിഞ്ഞ ഭൂമി റോഡ് സൗകര്യമുണ്ട്. താഴെ പാർസണേജും മുകളിൽ പള്ളിയും പണിയാനുള്ള ഒരു പരിപാടി കുറേക്കാലം സജീവ പരിഗണനയിൽ ഉണ്ടായിരുന്നു. സോർബോ സായ്പ് അതിന് ഒരു വിധം സമ്മതിക്കുകയും ചെയ്തു. മുപ്പതിനായിരം രൂപ വേണം. പണമുണ്ടെങ്കിൽ പണി ചെയ്യാൻ പറഞ്ഞു. പിന്നീടാണ് ഉണ്ടപ്പാറയിലെ വസ്തു അന്വേഷിച്ചതും വാങ്ങിയതും. മേൽപ്പറഞ്ഞ വസ്തു പാസ്റ്റർ നെൽസൻ വാങ്ങി അതിലാണ് താൻ ഇപ്പോൾ വീട് പണിതിരിക്കുന്നത്. പഴയ പള്ളി ഇരുന്ന 10 സെന്റ് ഭൂമി പിന്നീട് എൽ.സാം വാങ്ങി. ഈ രണ്ട് സ്ഥലവും വിറ്റാണ് പുതിയ പള്ളി പണിതത്. ഉണ്ടപ്പാറയിലെ പഴയപള്ളിയുടെ പണി ആരംഭിക്കുന്നതിനു മുമ്പെ യശയ്യ ഡീക്കന്റെ വക ഒരു പ്ലാവ് 90 രൂപ കൊടുത്തു ഞാൻ വാങ്ങി അറുപ്പിച്ചു. 40 അടി നീളത്തിൽ രണ്ടു ഉത്തരവും നീളംകുറഞ്ഞ മറ്റു ഉത്തരങ്ങളും കിട്ടി. പള്ളിയുടെ പണിക്ക് വേണ്ടി ഈ ഉരുപ്പടികൾ പ്രയോജനപ്പെടുത്തി. പഴയ കെട്ടിടത്തിന്റെ കഴുക്കോലും മറ്റും എടുക്കാവുന്നതെല്ലാം എടുത്ത് ഉപയോഗിച്ചിട്ടുണ്ട്.

കുഴിത്തകിടിയിലെ പള്ളിയിൽ രണ്ട് മുറികൾ ഉണ്ടായിരുന്നു. ജനം കൂടുതൽ വരാൻ ആരംഭിച്ചപ്പോൾ ആ മുറികൾ ഇടിച്ച് മാറ്റി സഭാഹോൾ വലുതാക്കി. അതിൽ ഉണ്ടായിരുന്ന രണ്ട് കട്ടിളകളും, കതകുകളും പച്ചക്കാട് പള്ളിപ്പണിയുടെ സമയത്ത് ഉപയോഗിച്ചിരുന്നു.

ഉണ്ടപ്പാറയിലെ പഴയതും, പുതിയതുമായ കെട്ടിടങ്ങളുടെ മരപ്പണി നടത്തിയത് പ്രൈമറി സ്കൂളിൽ എന്റെ സഹപാഠിയും നാട്ടുകാരനുമായ ശ്രീ.സുകുമാരൻ മേസ്തിരിയാണ്.

മേക്കംകര യോശുവ (കൊച്ചു യോശുവ) എന്ന പേരുള്ള ഒരു ദൈവദാസൻ കുടുംബമായി കുഴിത്തകിടി സഭയിൽ സംബന്ധിക്കുമായിരുന്നു. ഇദ്ദേഹം കുറച്ചു കാലം മാവേലിക്കര ബൈബിൾ സ്കൂളിൽ പഠിച്ചിരുന്നു. തെക്കൻ സെക്ഷനിൽ ഒന്നു രണ്ടു സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. പ്ലാന്തോപ്പ് സ്വദേശിനി അമൃതം ആണ് ഇദ്ദേഹത്തിന്റെ ഭാര്യ. ഇരുവരും കർത്താവിൽ നിദ്ര പ്രാപിച്ചു. ഇവരുടെ ഒരു മകൻ പാസ്റ്റർ ജെ.ജോൺ കൊറ്റാമം എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് ശാരോൺ ഫെലോഷിപ്പ് ചർച്ചിന്റെ നെയ്യാറ്റിൻകര കന്യാകുമാരി ഡിസ്ട്രിക്ട് മിനിസ്റ്ററായി സേവനം അനുഷ്ഠിച്ചിരുന്നു.

ശമുവേൽ പ്രസംഗിയാർ (ഭക്തർ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്) എന്ന മദ്ധ്യവയസ്കനും കുടുംബവും മേലെ വെള്ളംകൊള്ളി ഭാഗത്ത് (മരുതുംകോട്) നിന്ന് സഭയിൽ സംബന്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മൂത്ത പുത്രൻ എസ്.യോഹന്നാൻ എന്റെ

സഹപാഠിയും സഭയിൽ സൺഡേസ്കൂൾ (പ്രൈമറി) അദ്ധ്യാപകനായിരുന്നു. ഫിഫ്ത്ത് ഫോമിൽ (ഇന്നത്തെ സ്റ്റാൻഡേർഡ് 9) പഠിച്ച് കൊണ്ടിരിക്കുമ്പോൾ ടൈഫോയിഡ് ബാധിച്ച് ചെറുപ്പത്തിൽ മരിച്ച് പോയത് സഭയെ ദുഃഖിപ്പിച്ച സംഭവമാണ്. ഇവർ പിന്നീട് പറണ്ടോട് താമസമായി. ഇദ്ദേഹത്തിന്റെ ഇളയ പുത്രൻ ഡേവിയുടെ മകളാണ് പുള്ളിപ്പാറ എൻ.ആമോസിന്റെ മകൻ എ.ജോണിയുടെ ഭാര്യ എസ്ഥേർ. ദേവരം പ്രസംഗിയാരുടെ മകൻ ഡി.മാത്യു (മത്തായി) യും യൗവനത്തിൽ നിദ്രപ്രാപിച്ചതിൽ സഭ വളരെ ദുഃഖിക്കയുണ്ടായി. പുള്ളിപ്പാറ റോസിലി സഹോദരിയുടെ മകൾ എസിലിയുടെ യൗവനത്തിലെ മരണവും സഭയെ വളരെ ദുഃഖിപ്പിച്ചു.

**മറ്റു ചില അംഗങ്ങളെക്കുറിച്ച്**:- പ്ലാന്തോപ്പ് സ്വദേശി യോവസും ഭാര്യ യമീമയും ചെറിയ കുഞ്ഞുങ്ങളുമായി സഭയിൽ സംബന്ധിച്ചിരുന്നു. ചില വർഷങ്ങൾക്കു ശേഷം അവർ പ്ലാന്തോപ്പിലേക്ക് തന്നെ മടങ്ങിപ്പോയി. അവരുടെ മൂത്ത മകൻ ആമോസ് പുനലൂർ B.B.C-യിൽ പഠനം പൂർത്തിയാക്കി സഭാ ശുശ്രൂഷയിൽ പ്രവേശിക്കും മുമ്പ് മരിച്ചുപോയി. കുഴയ്ക്കാട്ടു നിന്ന് ശേത്ത് എന്ന ഒരു വൃദ്ധനും പുത്രിമാരും സഭാംഗങ്ങളായി നമ്മോടൊപ്പം കൂടി വന്നിരുന്നു. അദ്ദേഹം പറങ്കിമാവിൽ നിന്നും വീണ് മരണമടഞ്ഞു. പിന്നീട് ആ കുടുംബം നമ്മോടു ബന്ധം തുടർന്നില്ല.

ശേത്തിന്റെ ഒരു പുത്രി ജയിൻ ഗ്രെയ്സും ഭർത്താവ് യോവേൽ മേസ്തിരിയും കുഞ്ഞുങ്ങളും സജ്ജീവമായി സഭയിൽ സംബന്ധിച്ചുപോന്നു. നമ്മുടെ പഴയ പള്ളി കെട്ടിടത്തിന്റെ പണി ചെയ്തത് യോവേൽ മേസ്തിരി ആണ്. സഭ ഈ കുടുംബത്തെ വളരെ ആദരിക്കുകയും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പിൽക്കാലത്ത് അവർ സഭ വിട്ടുപോയി. യോവേൽ മേസ്തിരി ഇടയ്ക്ക് നിര്യാതരായി.

കൊണ്ണിയൂർ സഭയുടെ ആദ്യകാലം മുതൽ നീറാംകോട്ടുകോണത്ത് താമസിച്ച് കൊണ്ട് സഹകരിച്ച് പോന്ന ഒരു കുടുംബമാണ് എലയാസർ-സിപ്പോറ ദമ്പതികളുടേത്. തീരാവ്യാധി പിടിച്ച് കഷ്ടമനുഭവിച്ച എലയാസറിന് ഒരു ഓപ്പറേഷൻ മുഖാന്തരം സൗഖ്യമുണ്ടായി. അവർ പിന്നീട് പുന്നാംകരിക്കകത്തിന് കിഴക്ക് താമസം മാറ്റി. അവരുടെ ഇളയ പുത്രൻ ശിംശോൻ കാട്ടാക്കടയിൽ വേല ആരംഭിച്ചതു മുതൽ അവിടെ സഹകരിക്കുകയും പിൽക്കാലത്ത് എ.ജി ശുശ്രൂഷകനായിത്തീരുകയും ചെയ്തു. ഈ സഹോദരൻ ഇപ്പോൾ വെള്ളറട സെക്ഷനിൽ കിളിയൂരിൽ ശുശ്രൂഷകനാണ്. ശ്രീമതി.സിപ്പോറയുടെ സ്വാധീനത്തിലാണ് പൂവച്ചൽ ലീല (തയ്യൽ) സഭയിൽ വന്നത്.

**സൺഡേസ്കൂൾ** :- കുഞ്ഞുങ്ങൾക്കും, സ്ത്രീകൾക്കും സഭയിലും, സമൂഹത്തിലുമുള്ള പ്രാധാന്യം മനസ്സിലാക്കി കൊണ്ട് അവർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുവാൻ സഭ ശ്രദ്ധിച്ചിട്ടുണ്ട്. പെൺകുട്ടികളെയും സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് നിഷ്കർഷിച്ചിരുന്നു. വിദ്യാഭ്യാസം ലഭിച്ചാൽ അവർ ബൈബിൾ വായിക്കും അതായിരുന്നു അന്നത്തെ വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം. ആദ്യകാലം മുതൽ തന്നെ അച്ചടിച്ച സൺഡേസ്കൂൾ പാഠ്യപദ്ധതി ലഭ്യമല്ലാതിരുന്നിട്ടും ചിട്ടയായ വേദപഠനം നടത്തി. സൺഡേസ്കൂളിൽ കുട്ടികൾ മാത്രമല്ല, മുതിർന്നവരും സംബന്ധിച്ചിരുന്നു. ജോസഫ് ഡീക്കനും സുവിശേഷകൻ ഡി.ലാസറും അദ്ധ്യാപകരായിരുന്നു. കൊണ്ണിയൂർ സൺഡേസ്കൂളിന് അടിസ്ഥാനം ഇട്ടതും ഇവർ തന്നെ.

**സഹോദരി സമാജം** :-സഹോദരി സമാജം എല്ലാ വെള്ളിയാഴ്ചയും രാവിലെ കൂടിയിരുന്നു. യോഗത്തിനു ശേഷം സഹോദരിമാർ കഴിയുന്നത്ര ഭവനങ്ങൾ സന്ദർശിക്കുകയും ദരിദ്രരെയും, രോഗികളെയും സാധുക്കളെയും സഹായിക്കുകയും ചെയ്തിരുന്നു. സഭയിൽ പ്രാർത്ഥിക്കുന്നതിനും, സാക്ഷിക്കുന്നതിനും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകി. ആദ്യത്തെ സൺഡേസ്കൂൾ അദ്ധ്യാപിക ദേവരം പ്രസംഗിയാരുടെ മകൾ ശലോമി ടീച്ചറായിരുന്നു. കാട്ടാക്കട ഹൈസ്കൂൾ ടീച്ചറായിരുന്ന ശലോമി പിന്നീട് കർത്താവിൽ നിദ്രപ്രാപിച്ചു.

**സി.എ**:-സി.എ രൂപീകൃതമായപ്പോൾ ആദ്യത്തെ സെക്രട്ടറി സ്ഥാനം വഹിച്ചത് ജെ.അബ്രഹാം ആയിരുന്നു. പിൽക്കാലത്ത് ജെ.എബനേസർ, ജെ.എലയാസർ എന്നിവരും സി.എ സെക്രട്ടറി മാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പച്ചക്കാട്, ആനാകോട്, വെള്ളനാട്, വിഴവൂർ തുടങ്ങിയ സഭകൾ ഒരുമിച്ചുള്ള സി.എ ക്യാമ്പുകളും വിജയകരമായി നടത്തിയിരുന്നു.

ഡിസ്ട്രിക്ട് കോൺഫറൻസുകളിൽ ജോസഫ് ഡീക്കനും എശായ ഡീക്കനും പ്രതി നിധികളായി പോകുമായിരുന്നു. 1960-ലാണ് സഭാ പ്രതിനിധിയായി ഞാൻ ആദ്യം കോൺഫറൻസിൽ സംബന്ധിക്കുന്നത്. അന്ന് ബിരുദധാരികൾ കോൺഫറൻസിൽ അധികമാരും ഉണ്ടായിരുന്നില്ല. തുടർച്ചയായി 10 വർഷം കൊണ്ണിയൂരിനെ കോൺഫറൻസിൽ പ്രതിനിധീകരിക്കുവാൻ എനിക്കു ലഭിച്ച അവസരം ഒരു മഹാ ഭാഗ്യമായി ഞാൻ കരുതി.

**പിൽക്കാലത്തെ ശുശ്രൂഷകന്മാർ**:-

സുവിശേഷകൻ ഡി.ലാസർ, ഡി.ജോഷ്വ എന്നിവർക്ക് പിന്നാലെ വരുന്നത് പാസ്റ്റർ പി.കെ.വർക്കിയാണ്. അവിവാഹിതനായിരുന്ന അദ്ദേഹം ഒരു കുടുംബസ്ഥനേക്കാൾ അവധാനതയോടെ എല്ലാ കുടുംബങ്ങളെയും കാണുകയും കരുതുകയും ചെയ്തിരുന്നു. പൂവച്ചൽ മെയിൻ റോഡിൽ ഇപ്പോൾ പഞ്ചായത്ത് ഓഫീസ് ഇരിക്കുന്ന സ്ഥാനത്ത് പന്തൽകെട്ടി ക്വിന്റിൽ ഡൈറ്റ് എഡ്വേർഡസ് സഹോദരിമാരുടെ സുവിശേഷ മഹായോഗ ങ്ങൾ നടന്നത് ഈ കാലത്താണ്. ആറയൂർ പ്ലാന്തോപ്പ്, മാർത്താണ്ഡം തുടങ്ങിയ സഭകളുടെ ശുശ്രൂഷകനായിരുന്ന ശേഷം 1988-ൽ അദ്ദേഹം നിര്യാതനായി. പാസ്റ്റർ എ.ജോഷ്വ, പാസ്റ്റർ ഡി.ഈനോസ്, സുവിശേഷകൻ കെ.യാക്കോബ് എന്നിവരും തുടർന്ന് ശുശ്രൂഷകരായിരുന്നു. പാസ്റ്റർ ജി.ഫിലിപ്പോസ് ശുശ്രൂഷകനായിരിക്കുന്ന സമയത്താണ് ഇപ്പോൾ ഉണ്ടപ്പാറ ജംഗ്ഷനിലുള്ള വസ്തു വാങ്ങിയതും 40x20 വിസ്തീർണ്ണമുള്ള പള്ളികെട്ടിടം പണി കഴിപ്പിച്ചതും. (ചിത്രങ്ങൾ ചേർത്തിട്ടുണ്ട്)

**ദൈവീക സന്ദർശങ്ങൾ** :- എടുത്തു ചാട്ടങ്ങളും പൊങ്ങച്ചങ്ങളും ഇല്ലാത്തവരാണ് കൊണ്ണിയൂരിലെ വിശ്വാസികൾ. ആദ്യം മുതൽക്കേ സ്ത്രീധനം വിവാഹാലോചനകളിൽ ഒരു വിഷയമായിരുന്നിട്ടില്ല. വേദപുസ്തകാടി സ്ഥാനമില്ലാത്ത പ്രവചനങ്ങൾ, വെളിപ്പാടുകൾ, ഉപദേശങ്ങൾ ഇവയ്ക്ക് സ്ഥാനം നൽകിയിട്ടില്ല. ദൈവവചനം നന്നായി പഠിക്കുകയും അനുസരിച്ച് ജീവിക്കുകയും ചെയ്യുവാൻ ജനം ഉൽസാഹിച്ചിരുന്നു. ദൈവീക രോഗശാന്തി യിലും പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിലും ജനം വിശ്വസിക്കുന്നു. ജോസഫ് ഡീക്കന്റെ കാലിൽ ഉണ്ടായിരുന്ന വ്രണം പ്രാർത്ഥനയാൽ സുഖമായത് ഞാൻ ഓർക്കുന്നു. വട്ടവിള ജ്ഞാനഭായിയെ ഒരു അർദ്ധ രാത്രിയിൽ യുവാക്കന്മാർ ചേർന്ന് കട്ടിലിൽ എടുത്ത് കുഴിത്തകിടിയിൽ കൊണ്ടു വന്നു. അവർ സൗഖ്യം പ്രാപിച്ചു. പടപ്പറവിളയിൽ നിന്ന് ആലീസിനെ ഭയങ്കരമായ ടൈഫോയിഡ് പിടിച്ച് അത്യാസന്ന നിലയിൽ കുഴിത്തകിടിയിൽ കൊണ്ടുവന്നു. അന്നു രാത്രി മരണ വക്ത്രത്തിൽ നിന്ന് ദൈവം അവരെ സൗഖ്യമാക്കി. 1963-ൽ സുവിശേഷകൻ ഡി.ലാസർ കഠിന രോഗിയായി ത്തീർന്നു. ഒരു അർദ്ധ രാത്രി മരണാവ സ്ഥയിൽ നിന്നും ദൈവം തന്റെ ദയയാൽ വിടുവിക്കയുണ്ടായി. പാസ്റ്റർ ഡി.ജോഷ്വയും മൂന്ന് മക്കളും വിളപ്പിൽ ആയിരിക്കുമ്പോൾ കഠിന രോഗത്തിൽ നിന്നും അത്ഭുതകരമായി സൗഖ്യം പ്രാപിച്ചു. ദൈവനാമം മഹത്വപ്പെട്ട നിരവധി സന്ദർഭങ്ങൾ ഇതുപോലെ എടുത്തു പറയാൻ കഴിയും. പടപ്പറവിള ആലീസിന്റെ സൗഖ്യത്തിന് നന്ദി സൂചകമായി യശയ്യാ ഡീക്കർ സഭയ്ക്കു സംഭാവനയായി നൽകിയ മേശയാണ് കൊണ്ണിയൂർ സഭയിൽ സ്തോത്രക്കാഴ്ച ശേഖരിക്കാനായി പാത്രം വയ്ക്കുവാൻ ഉപയോഗിക്കുന്നത്. യശയ്യാ ഡീക്കരുടെ സ്വാധീനത്തിലാണ് ജ്യേഷ്ഠൻ സത്യനേശൻ എന്നവർ വിശ്വാസത്തിലേയ്ക്ക് വന്നത്. അദ്ദേഹത്തിന്റെ മകൻ പരേതനായ തോംസന്റെ മക്കളാണ് ഡൽഹി മിഷണറി പാസ്റ്റർ ബാബുരാജും സി.എ പ്രസിഡന്റ് ബാബു ജോയിയും. ഇളയ മകൻ യേശുദാസ് എന്നിവരുടെ മകൻ ഷിബു ആണ് ഇപ്പോൾ 85-ാം വാർഷിക യോഗത്തിൽ കൺവീനറായി

പ്രവർത്തിക്കുന്നത്.

**കൊടുക്കുവാനുള്ള ആഹ്വാനം**:- ബി എ പഠനം പൂർത്തിയാക്കിയ 1957-ൽ ഞാൻ പഠിച്ചിരുന്ന കാട്ടാക്കട ഹൈസ്കൂൾ അദ്ധ്യാപകനായും 1958-ൽ ഡി.പി.ഐ ഓഫീസിലും 1961-ൽ പി.എസ്.സി ഓഫീസിലും ജോലി ലഭിച്ചു. കഴിയുന്നടുത്തോളം എല്ലാ ഞായറാഴ്ചയും കൊണ്ണിയൂരിൽ സംബന്ധിക്കുകയും സൺഡേസ്കൂൾ പഠിപ്പിക്കുകയും സി.എ യോഗങ്ങളിൽ കൂടുകയും കർത്താവിന്റെ നാമത്തിൽ കൊടുക്കണം എന്ന് എന്റെ പ്രിയപ്പെട്ടവരെ ഉൽസാഹിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു പോന്നു. അധികമാർക്കും ഗവൺമെന്റ് ജോലി ലഭിച്ചിരുന്നില്ല. തുടർച്ചയായി 10 വർഷത്തോളം ഞാൻ അങ്ങനെ ചെയ്തു കൊണ്ടിരുന്നു. ജനം കർത്തൃനാമത്തിൽ കൊടുക്കാൻ തുടങ്ങി. തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയ ശേഷം ഒരു സഭായോഗത്തിൽ ഞങ്ങൾ കുടുംബമായി കൊണ്ണിയൂരിൽ സംബന്ധിച്ചു. സ്തോത്രക്കാഴ്ചയുയെ സമയത്ത് സഹോദരി സഹോദരന്മാരും കുഞ്ഞുങ്ങളും വരിവരിയായി പ്ലാറ്റ്ഫോമിനു മുമ്പിൽ വന്നു. കറൻസി നോട്ടുകൾ സ്തോത്രക്കാഴ്ചയായി സന്തോഷ ത്തോടെ പാത്രത്തിൽ നിക്ഷേപിക്കുന്നത് കണ്ട് ഹൃദയം നിറഞ്ഞ നന്ദിയുടെയും സ്തോത്രത്തിന്റെയും ആനന്ദാശ്രുക്കൾ വാർക്കുവാൻ എനിക്കിടയായി ദൈവം എത്ര വിശ്വസ്തൻ. ഇപ്പോഴും കൊണ്ണിയൂരിൽ വലിയ ധനവാന്മാർ ആരുമില്ല. പട്ടിണിക്കാരും ആരുമില്ല. ഇന്ന് കൊണ്ണിയൂർ സഭയിലെ വിശ്വാസികൾക്ക് ഉണ്ടായിട്ടുള്ള സകല ആത്മീക ഭൗതിക നന്മകളുടെയും ഉറവിടം ദൈവത്തിന് സന്തോഷത്തോടെ കൊടുക്കുന്നതാണ് എന്ന് നിസംശയം പറയാം.

**വിശ്വാസികളുടെ പങ്കാളിത്തം** :- സതേൺ സെക്ഷനിലെയും മുൻ തിരുവനന്തപുരം സെക്ഷനിലെയും (ഇപ്പോൾ തിരുവനന്തപുരം മേഖല) സി.എ ഘടകങ്ങൾ ഏകോപിപ്പിച്ച് കാട്ടാക്കട ഹൈസ്കൂളിലും കൊണ്ണിയൂർ സഭാഹോളിലും നടത്തിയ രണ്ട് സംയുക്ത സി.എ സമ്മേളനങ്ങൾക്ക് കൊണ്ണിയൂർ സഭ ആതിഥേയത്വം നൽകിയിട്ടുണ്ട്. 1963-ൽ പാറശ്ശാലയിൽ നടന്ന സംയുക്ത സമ്മേളനത്തിന്റെ സമാപന രാത്രി യോഗം കഴിഞ്ഞ് കൊച്ചമ്മ (എൽസി) ഉൾപ്പെടെ കൊണ്ണിയൂരിൽ എത്തിച്ചേർന്ന ഒരു ചരിത്രവും ഈ സഭയ്ക്കു പറയാനുണ്ട്.

വിശ്വാസികളും ശുശ്രൂഷകന്മാരും തമ്മിലുള്ള പോരാട്ടവും ഗ്രൂപ്പിസവും ഈ സഭയിൽ കേട്ടുകേൾവി പോലുമില്ല. ഡിസ്ട്രിക്ട് കമ്മിറ്റിക്കാർ ഇവിടെ വഴക്കും പ്രശ്നം തീർക്കാൻ വന്ന ചരിത്രമില്ല. വളരെ സമചിത്തതയോടും ദൈവഭയത്തോടും കൂടെ വസ്തുതകൾ കൈകാര്യം ചെയ്യാൻ ദൈവജനത്തിന് ആവശ്യമായ ജ്ഞാനം നൽകിയിട്ടുണ്ട്. വിട്ടുവീഴ്ചാ മനോഭാവവും സഹകരണ ബുദ്ധിയും ജനത്തിന് ധാരാളമുണ്ട്.

**ഇളയവർ വളരട്ടെ** :- 1968-ൽ സഭാഹോളും 1969-ൽ ഒരു ചെറിയ പാർസണേജും പണികഴിപ്പിച്ചു. എന്റെ മാതൃസഭയിൽ എനിക്കു നിർവഹിക്കാനുള്ള കർത്തവ്യങ്ങൾ അവസാനിച്ചു എന്ന ഒരു ഉൾബോധം എനിക്കുണ്ടായി. ഞാൻ ഇവിടെ നിന്ന് മാറികൊടുത്താൽ മാത്രമേ ഇളയ സഹോദരങ്ങൾക്ക് വളരുവാൻ കഴിയുള്ളു എന്ന ചിന്തയും എന്നെ ഭരിച്ചു. 1970-ൽ തിരുവനന്തപുരം ശ്രീകാര്യം ചെറുവയ്ക്കൽ എ.ജി ചർച്ചിനു സമീപം സ്ഥലം വാങ്ങി വീടു പണിയിച്ച് അവിടെ താമസമാക്കി. 1953-ൽ തിരുവനന്തപുരത്ത് ആർട്സ് കോളേജിൽ ഇന്റർമീഡിയറ്റ് പഠനത്തിനുള്ള അഡ്മിഷൻ ഇന്റർവ്യൂവിന് കൊണ്ണിയൂരിൽ നിന്നും 25 കി.മി ദൂരം നടന്ന് പിതാവിനോടൊപ്പം ഹാജരായ മദ്ധ്യാഹ്നം ഞാൻ ഓർക്കുന്നു. 1992-ൽ ഗവൺമെന്റ് സർവ്വീസിൽ ജോയിന്റ് സെക്രട്ടറി പദവിയിൽ നിന്ന് വിരമിച്ചപ്പോൾ "ഞാനോ എളിയവനും ദരിദ്രനും ആകുന്നു. എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു" എന്ന് എന്റെ പിതാവ് എപ്പോഴും ഉരുവിട്ടിരുന്ന തിരുവചനം ഓർത്തുപോയി.

**എ.ജി.പ്രസ്ഥാനത്തിന് കൊണ്ണിയൂർ സഭയുടെ സംഭാവനകൾ** :-

എ.ജി പ്രസ്ഥാനത്തിന് കൊണ്ണിയൂർ

സഭയുടെ സംഭാവനകൾ നിസ്തുല്യമാണ്. പാസ്റ്റർ ജെ.നെൽസൻ,എൽ.സാം, ജെ.ഇസക്കിയേൽ, എൽ.ഡേവി, എൽ.ജെയിംസ്, ജെ.സ്റ്റീഫൻ, ജെ.വിക്ടർ, ജെ.സോളമൻ, തുടങ്ങിയവർ സൺഡേസ്കൂൾ സി.എ മിഷണറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പല ബ്രാഞ്ചു സഭകൾ ആരംഭിച്ചതും ഭാരതപ്പുഴ കൺവെൻഷന്റെ ഉപജ്ഞാതാവുമായ എൽ.ജസ്റ്റസ് ഇപ്പോൾ എ.ജി മലബാർ ഡിസ്ട്രിക്റ്റിന്റെ സൺഡേസ്കൂൾ ഡയറക്ടറായി പ്രവർത്തിക്കുന്നു.

നേപ്പാളിലും, അഫ്ഗാനിസ്ഥാനിലും, ഡൽഹിയിലും ഇപ്പോൾ ഉത്തർപ്രദേശിലെ കാൺപൂരിലും മിഷണറി പ്രവർത്തനം നടത്തുന്ന ഇസക്കിയേൽ ജോഷ്വയാണ് നേപ്പാളിലെ എ.ജി പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിട്ടത്. യുവജന വിദ്യാർത്ഥി പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്വം വഹിച്ചുപോരുന്നു. അദ്ദേഹം ഇന്ത്യയിലും വിദേശത്തും അറിയപ്പെടുന്ന പ്രസംഗകനാണ്.

സഭയിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച വിജയങ്ങളും ബിരുദങ്ങളും ദേശത്ത് പെന്തക്കോസ്തിന്റെ വിശിഷ്യാ അസംബ്ലീസ് ഓഫ് ഗോഡിന്റെ യശസ്സുയർത്തി. ബിരുദവും ബിരുദാനന്തര ബിരുദങ്ങളും സാങ്കേതിക ബിരുദങ്ങളുമുള്ള പിൻതലമുറയെ ദൈവം എഴുന്നേൽപ്പിച്ചത് അവിടത്തെ മഹാവിശ്വസ്തതയ്ക്ക് തെളിവാണ്.

**<u>ഭാവി പ്രത്യാശ</u>**:-1926 മുതൽ 1970 വരെയുള്ള കാലഘട്ടത്തിന്റെ ഏകദേശ ചരിത്രമാണ് മുകളിൽ കുറിച്ചിട്ടുള്ളത്. ഒരു പ്രദേശിക സഭയെ സംബന്ധിച്ചിടത്തോളം വളർച്ച ഉണ്ടങ്കിലേ നിലിൽക്കയുള്ളു. അനുദിനം ഈ സഭ വളരട്ടെ ദേശത്തിന്റെ മദ്ധ്യത്തിൽ മലമേൽ ഇരിക്കുന്ന പട്ടണം പോലെയും തണ്ടിന്മേൽ ഉയർന്നിരിക്കുന്ന വിളക്കുപോലെയും കൊണ്ണിയൂർ സഭ പ്രകാശനം നൽകണം. ഇനിയും ബ്രാഞ്ചു സഭകൾ ഉണ്ടാകണം. സുവിശേഷീകരണ ത്തിന്റെ കൈത്തിരികൾ അണഞ്ഞു പോകാതെ കാത്തു സൂക്ഷിക്കണം. ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് അരുളിചെയ്ത സഭാനാഥൻ ഈ സഭയുടെ പണി അഭംഗുരം നടത്തി കൊണ്ടിരിക്കുന്നു. കർത്താവ് വരുവാൻ താമസിച്ചാൽ ഇപ്പോഴത്തെ ഇളംതലമുറ എ.ഡി.2022-ൽ ഈ സഭയുടെ ശതാബ്ദി ആഘോഷിക്കും. ഒരു തലമുറ പോകുന്നു അടുത്ത തലമുറ വരുന്നു. ഞങ്ങളുടെ സന്താനങ്ങൾ സുവിശേഷത്തിന്റെ ദീപശിഖയേന്തി പെന്തക്കോസ്തിൽ അഗ്നി ജ്വലിപ്പിച്ചുകൊണ്ട് ക്രിസ്തീയ സ്നേഹത്തിലും ദൈവഭയത്തിലും നിലനിൽക്കുകയും നല്ല സാക്ഷ്യം ദേശത്തു പുലർത്തുകയും ചെയ്യണം. അതാണ് കൊണ്ണിയൂർ സഭയെക്കുറിച്ചുള്ള ഞങ്ങളുടെ ഭാവി പ്രത്യാശ.

************

## കൊണ്ണിയൂർ സഭാ ചരിത്രം II (1970-2011)

**എൽ.ഡേവി**

1968-ൽ പാസ്റ്റർ വി.ദേവദാസ് എ.ജി കൊണ്ണിയൂർ ശുശ്രൂഷകനായി എ.ജി വെള്ളനാട് (വെളിയന്നൂർ) നിന്ന് സ്ഥലം മാറിവന്നു. വളരെ പ്രാർത്ഥിക്കുന്ന ഒരു ദൈവദാസനാണ് അദ്ദേഹം. ആരംഭത്തിൽ അദ്ദേഹം വളരെ കഷ്ടപ്പെട്ടു. അന്നു പാർസണേജ് പൂർത്തിയാകാത്തതിനാൽ യശയ്യാ ഡീക്കരുടെ പഴയ വീട്ടിൽ താമസിച്ചു. (പാസ്റ്റർമാരായ എ.ജോഷ്വ, ഡി.ഈനോസ്, കെ.യാക്കോബ്, ജി.ഫിലിപ്പോസ് എന്നിവരും ഈ വീട്ടിൽ തന്നെ താമസിച്ച് ശുശ്രൂഷിച്ചിരുന്നവരാണ്. ഈ കാലയളവിൽ യശയ്യാ ഡീക്കർ പടപ്പറവിള താമസമായി വലിയ കുടുംബം, അസുഖം, ഇവിടെ എത്തിചേർന്ന ഏതാനും ഞായർ ആരാധന നടത്താൻ കഴിവില്ലാത്ത നിലയിലായിരുന്നു. അന്നെല്ലാം സജീവ ശുശ്രൂഷയിൽ നിന്നും വിരമിച്ച സുവി.ഡി.ലാസർ ആരാധനകൾ നടത്തി. ഈ കാലയളവിലാണ് കാട്ടാക്കട ഒരു സഭ ഉണ്ടാകണം എന്ന താൽപ്പര്യം വിശ്വാസികൾക്കുണ്ടായത്. എഡ്വേർഡ്സ് സഹോദരന്മാർ (അമേരിക്ക) ആദ്യമായി കാട്ടാക്കട സ്കൂൾ ഗ്രൗണ്ടിൽ (പി.ആർ വില്യം മെമ്മോറിയൽ ഹൈസ്കൂൾ) സുവിശേഷ യോഗങ്ങൾ നടത്തുകയുണ്ടായി. അനേകർ രക്ഷാനുഭവം പ്രാപിച്ചു. പലർ രോഗവിമുക്തരായി. യാത്രാ സൗകര്യം

കുറവായിരുന്ന ആ കാലത്തും അകലെ നിന്നും ജനം യോഗങ്ങളിൽ പങ്കെടുത്തു. ഇപ്പോൾ ഫെഡറൽ ബാങ്ക് ഇരിക്കുന്നതും ബോയൽ സാറിന്റെ വീടിനു മുമ്പിലുള്ളതുമായ വിശാലമായ ഗ്രൗണ്ടായിരുന്നു ഇത്. ക്രമേണ പാസ്റ്റർ പി.ഡി.ജോൺസൺ ഈ ഗ്രൗണ്ടിൽ യോഗങ്ങൾ നടത്തി. പലർ രക്ഷാനുഭവം പ്രാപിച്ചു. രക്ഷാനുഭവം പ്രാപിച്ചവരെ നിലനിർത്തണം എന്ന താൽപ്പര്യത്തോടെ കാട്ടാക്കട ആരാധനയ്ക്ക് തുടക്കമിട്ടു. ചൂണ്ടുപലക ജംഗ്ഷനടുത്ത് ശ്രീ.ജോൺസൺ നാടാരുടെ (മ്യൂസിക് റ്റീച്ചർ അലക്സാണ്ടർ സാറിന്റെ പിതാവ്) പഴയ വീട് വാടകയ്ക്ക് എടുത്ത് അവിടെ ആരാധനകൾ നടത്തി. ഏറെക്കാലം ഞാൻ കാട്ടാക്കട ഹൈസ്കൂളിന്റെ അദ്ധ്യാപകനായിരുന്നതിനാൽ പലരെയും പരിചയം ഉണ്ടായിരുന്നു. ധാരാളം ഭവന സന്ദർശനങ്ങൾ നടത്തി. വ്യാഴാഴ്ചയും രാത്രി യോഗങ്ങൾ നടത്തി. ജനം കൂടി വന്നു. മിക്കവരും സി.എസ്.ഐ ബന്ധത്തിലുള്ളവർ ഊറ്റുകുഴിയിൽ നിന്നും ചിലർ സാൽവേഷൻ ബന്ധത്തിലുള്ളവരും ആരാധനയ്ക്ക് എത്തി. വീടിനു മുമ്പിൽ ഒരു ഷെഡ് വച്ചു. ചുടുകല്ലു തൂണുകളും പച്ചക്കട്ട കൊണ്ട് അരച്ചുവരും അറുത്ത തെങ്ങിൻ തടിയും കമുകും ഓലയും കൊണ്ട് വേഗത്തിൽ ഷെഡ് പണിതു. ഇതിലൊക്കെ സഹായിയായിരുന്നത് ശിംശോൻ എന്ന സഹോദരനാണ്. ഈ ശിംശോൻ നമ്മുടെ എൽ.റ്റോമിയുടെ ഇളയപ്പനാണ്. അദ്ദേഹത്തിന്റെ കുടുംബചരിത്രം ആദ്യഭാഗത്തെ ചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഷെഡിൽ സൺഡേസ്കൂളും ആരാധനകളും നടത്തി. വളരെ വേഗത്തിൽ പാസ്റ്റർ കെ.വി.ജോണി കാട്ടാക്കട സഭാശുശ്രൂഷകനായി നിയമിതനായി. അദ്ദേഹം വളരെ ശക്തിയായി പ്രവർത്തിച്ചു. എല്ലാ വീടുകളും സന്ദർശിച്ചു സുവിശേഷം അറിയിച്ചു. ഒരു വർഷം അങ്ങനെ തുടർന്നു. ഒരു ദിവസം ഉച്ചയ്ക്ക് അദ്ദേഹം സ്ഥലത്തില്ലാതിരുന്ന സമയത്ത് ആ ഷെഡും വീടും തീയ്ക്കിരയായി. ഷെഡ് പൂർണ്ണമായും കത്തി നശിച്ചു.

വളരെ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായി ഇപ്പോൾ കാട്ടാക്കട എ.ജി സ്ഥിതി ചെയ്യുന്ന 12 1/2 സെന്റ് സ്ഥലവും ഒരു പഴയ രണ്ടു നില വീടും വിലയ്ക്ക് വാങ്ങി അന്നത്തെ തിരുവനന്തപുരം സെക്ഷൻ പ്രസ്ബിറ്റർ പാ.പി.ഡി ജോൺസൺ വളരെ താൽപ്പര്യം കാണിച്ചു. ഈ സ്ഥലത്തിലും വീടിനും കൂടി 15,000/-രൂപ വിലയായി. പ്രമാണ കൂലി ശ്രീ.എൽ.ഡേവി നൽകി. ഈ പഴയ വീട്ടിൽ ഏറെക്കാലം ആരാധനകൾ നടത്തി. ഏറെ താമസിയാതെ ഇവിടെ ഇന്നു കാണുനന സഭാഹാൾ പണിതു.

ബ്രദർ എൽ.ജസ്റ്റസ് തന്റെ വിദ്യാഭ്യാസം കഴിഞ്ഞ് നിൽക്കുന്ന സമയമായിരുന്നു. 1975 കാലഘട്ടത്തിൽ പാസ്റ്റർ ദേവദാസ്, ബ്രദർ ജസ്റ്റസ് എന്നിവരുടെ നേതൃത്വത്തിൽ സഭ ഒന്നടങ്കം ചലിച്ചു. ചുറ്റുപാടും സമാധാനപുരം, വള്ളിപ്പാറ, തച്ചംകോട്, കട്ടക്കാമൂട്, കാപ്പിക്കാട് എന്നീ സ്ഥലങ്ങളിൽ സൗജന്യ ട്യൂഷനും, സൺഡേസ്കൂളും നടത്തി. ശ്രീ.എൽ.ഡേവി, എൽ.ജയിംസ്, ജെ.വിക്ടർ, സിസ്റ്റേഴ്സ് എസ്ഥർ, ജനറ്റ് ഇവർ സഹായികളായിരുന്നു. ഒന്നാം ക്ലാസ് മുതൽ പ്രീഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ പ്രവർത്തനം മൂലം പ്രയോജനം ലഭിച്ചു. പാട്ടുകളും, ദൈവവചനവും പഠിപ്പിച്ചു. രാത്രി യോഗങ്ങൾ നടത്തി. ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായ പലർ ഇന്ന് നമ്മുടെ സഭാംഗങ്ങളാണ്. ഇവിടെങ്ങളിലെല്ലാം ഇന്നു വ്യവസ്ഥാപിത സഭകൾ ഉണ്ട്. 1978-ൽ പൂവച്ചൽ ആയൂർവേദ ആശുപത്രിയ്ക്ക് സമീപം ശ്രീമാൻ നീലകണ്ഠപിള്ളയുടെ പുരയിടത്തിൽ (റബ്ബർ ഫാക്ടറിയുള്ള സ്ഥലം) ഒരു മഹായോഗം നടത്തുവാൻ ദൈവം സഹായിച്ചു.

1978-ൽ പാ.ദേവദാസ് നെട്ടുകുഴി സഭയിലേയ്ക്ക് സ്ഥലം മാറിപ്പോയി. പാസ്റ്റർ എസ്.പുന്നൂസ് വെള്ളനാട്ടും നിന്നും ഇവിടേയ്ക്ക് നിയമിതനായി. പാസ്റ്റർ ദേവദാസിന്റെ കാലത്തേ സമാധാനപുരം, വള്ളിപ്പാറ എന്നിവിടങ്ങളിലും കൊണ്ണിയൂർ സഭയിലും തിങ്കളാഴ്ചതോറും ഉണ്ടായിരുന്ന പ്രാർത്ഥനാ ഗ്രൂപ്പുകൾ പാ.പുന്നൂസിന്റെ കാലത്ത് അഭിവൃദ്ധിപ്പെട്ടു. ജനത്തിന്റെ രക്ഷയ്ക്കും സഭാവളർച്ചയ്ക്കുമായി ഈ ഗ്രൂപ്പുകൾ പ്രാർത്ഥിച്ചു.

ഇത് ഒരു വലിയ ആത്മീയ കൂട്ടായ്മയായിരുന്നു. ചെറുപ്പക്കാർക്കു വേണ്ടി ആത്മീയ നിർദ്ദേശങ്ങളും ഈ കൂട്ടായ്മകളിൽ ലഭിക്കുകയുണ്ടായി. സമാധാനപുരം, വള്ളിപ്പാറ ഇവ ക്രമേണ സഭകളായി വളർന്നു. സമാധാനപുരത്ത് സുവി.ജെ.എലയാസറും, വള്ളിപ്പാറയിൽ ബ്ര.എസ്.ജെയിംസും ശുശ്രൂഷകരായി. തുടർന്ന് കൊണ്ണിയൂർ സഭയിൽ തന്നെ 1), കുഴയ്ക്കാട്, 2) കുഴിത്തകിടി, 3) പുള്ളിപ്പാറ, 4) കൊണ്ണിയൂർ, 5) ഉണ്ടപ്പാറ, 6) പൂവച്ചൽ, 7) മരുതുംകോട് ഇപ്രകാരം വിഭജിച്ച് പ്രാർത്ഥനാ ഗ്രൂപ്പുകൾ ഉണ്ടായി. സഹോദരന്മാരായ ജെ. യാക്കോബ്, എൽ.ഡേവി, ഐ.സൈമൺ, ഇ.ജസ്റ്റസ്, ജെ.എലിശ, എസ്.തോംസൺ, ഡി.ആമോസ്, കൊച്ചുകുഞ്ഞ്, ജെ.സോളമൻ, റ്റി.ബാബുജോയ് എൽ.ജെയിംസ്, സുരേഷ്കുമാർ, എസ്.ടൈറ്റസ്, ജി.സതീഷ്, എ.ഗബ്രിയേൽ ഇവർ വിവിധ കാലയളവുകളിൽ പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർമാരായിരുന്നു. സഭയിൽ തന്നെ അത്ഭുതങ്ങൾ നടന്നു. ബ്രദർ സോളമൻ ലീഡറായിരുന്ന കുഴയ്ക്കാട് ചാരായ കച്ചവടം ഉണ്ടായിരുന്ന സ്ഥലമായിരുന്നു. പ്രാർത്ഥനയുടെ ഫലമായി ആ ഭാഗത്തു നിന്നും ചാരായ കച്ചവടം ഇല്ലാതായി.

മറ്റൊരു സംഭവം കൂടി ഈ കാലയളവിൽ ഉണ്ടായി. 1982-ൽ 2 സഹോദരിമാർക്ക് അവരുടെ വിവാഹ അടയാളം ധരിച്ചുകൊണ്ട് തന്നെ സ്നാനം നൽകി. മുമ്പ് എ.ജി കൊണ്ണിയൂരിലും തെക്കൻ തിരുവിതാംകൂറിലെ മറ്റു സഭകളിലും ഇപ്രകാരം സ്നാനം നൽകിയിരുന്നു. എന്നാൽ അന്നത്തെ എ.ജി ഡിസ്ട്രിക്ട് അധികാരികൾ കൊണ്ണിയൂർ സഭയെ സംഘടനയിൽ നിന്നും ഡിസ്മിസ് ചെയ്തു. പാ.പുന്നൂസിനെ പിരിച്ചുവിട്ടു. ഈ കാലയളവിൽ സഭാ സെക്രട്ടറിയായിരുന്ന ബ്ര.എൽ.ഡേവി തന്നെ പാസ്റ്ററുടെ ചുമതലകൾ നിർവഹിച്ചു. യോഗങ്ങൾ നടത്തി ഭവനങ്ങൾ സന്ദർശിച്ചു. പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പ്രവർത്തനം ശക്തിപ്പെടുകയും സഭ വളരെ സന്തോഷമായി, ഐക്യത്തോടെ മുന്നേറുകയും ചെയ്തു.

ഈ കാലത്ത് ബ്രദർ ജെ.വിക്ടർ, സരോജം (പാസ്റ്റർ എലയാസറിന്റെ മകൾ) എന്നിവരുടെ വിവാഹങ്ങൾ സഭയിൽ വച്ചു നടന്നു. അന്ന് മലയാളം ഡിസ്ട്രിക്ട് സെക്രട്ടറിയായിരുന്ന ഇ.മാമച്ചനിൽ നിന്നും പ്രത്യേക അനുവാദം ലഭിച്ചു. പാ.പുന്നൂസ് എ.ജി കൊണ്ണിയൂർ പാർസണേജിൽ തന്നെ താമസിച്ചു. സഭ എല്ലാ സഹായസഹകരണങ്ങളും അദ്ദേഹത്തിനു നൽകി. തക്കതായ ഒരു സഭ അദ്ദേഹത്തിന് ലഭിക്കുന്നതുവരെയും ഈ സഹായം ലഭിച്ചിരുന്നു. പാസ്റ്റർ പുന്നൂസ് പിന്നീട് ശ്രീകാര്യം എ.ജി ശുശ്രൂഷകനായി. അദ്ദേഹത്തിന്റെ മൂത്തമകളുടെ വിവാഹം ഈ കാലയളവിൽ എ.ജി കൊണ്ണിയൂരിൽ വച്ചു നടന്നു. മൂത്ത മകൾ ലില്ലി കാട്ടാക്കട സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ബോവസിന്റെ ഭാര്യയാണ്. പാസ്റ്റർ പുന്നൂസ് നിത്യതയിൽ വിശ്രമിക്കുന്നു. എങ്കിലും ആ കുടുംബവുമായി കൊണ്ണിയൂർ സഭ സ്നേഹത്തോടും ബഹുമാനത്തോടും തന്നെ കഴിയുന്നു. ഗുഡ്ന്യൂസ് വീക്കിലി ചാരിറ്റബിൾ സൊസൈറ്റിയുടെയും ശ്രീ.എൽ.ഡേവിയുടെയും സഹായത്താൽ പച്ചക്കാട് സഭയ്ക്കടുത്ത് ഈ കുടുംബത്തിന് ഒരു വീടു ലഭിച്ചു. ആ വീടും പുരയിടവും പിന്നീടു അദ്ദേഹത്തിന്റെ ഇളയ മകൾ അന്നമ്മ വിവാഹിതയായപ്പോൾ അവൾക്ക് നൽകി. വിവാഹപാരിതോഷികമായി നൽകേണ്ടിയിരുന്ന 50,000/-രൂപ സഭ തന്നെ നൽകി സഹായിച്ചു. സിസ്റ്റർ അന്നമ്മയും കുടുംബവും എ.ജി പുതുകുറിച്ചി സഭാംഗങ്ങളാണ്. പാസ്റ്റർ പുന്നൂസിന്റെ ഭാര്യ രാജമ്മ ഇപ്പോൾ വള്ളിപ്പാറ സഭയിൽ മകൾ ലില്ലിയോടൊപ്പം ആയിരിക്കുന്നു.

1985-ൽ പാസ്റ്റർ എച്ച്.ദാനം തൊളിക്കോട് സഭയിൽ നിന്നും എ.ജി കൊണ്ണിയൂർ സ്ഥലം മാറി വന്നു. എല്ലാ ഭവനങ്ങളും ആഴ്ചയിൽ ഒരിക്കൽ അദ്ദേഹം കൃത്യമായി സന്ദർശിക്കും. എൽ.ഡേവി തന്നെ ശുശ്രൂഷകന്റെ ചുമതല വഹിച്ചിരുന്ന കാലത്ത് ഉണ്ടപ്പാറയിലെ അന്നത്തെ സഭാഹാൾ നീളം കൂട്ടുന്നതിനെ കുറിച്ച് പരിപാടി തയ്യാറാക്കിയിരുന്നു. ഹോളിനു പുറകിൽ ഒരു സൈഡ് റൂം ഉണ്ടായിരുന്നു. അത് ഉൾപ്പെടെ ഹോൾ പുറകോട് 15 അടി നീട്ടി പണിതു.

അങ്ങനെ 55x20 വിസ്തീർണ്ണമുള്ള ഹോൾ ലഭിച്ചു. ഹോളിന്റെ വശത്ത് ഒരു മുറിയും പണിതു. ഈ പണിക്ക് പാസ്റ്റർ ദാനത്തിന്റെ വിലപ്പെട്ട നിർദ്ദേശങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. തുടർന്ന് പാസ്റ്റർ ദാനം വെങ്ങാനൂർ എ.ജി യിൽ സ്ഥലം മാറിപ്പോയി. കാരേറ്റ് സഭയിൽ ശുശ്രൂഷിക്കുമ്പോൾ തന്റെ ഭാര്യ വിക്ടോറിയ മരിച്ചു. അദ്ദേഹം ഇപ്പോൾ കാരേറ്റ് എ.ജി യിൽ ശുശ്രൂഷിക്കുന്നു.

പാസ്റ്റർ പി.യേശുദാസ് ആയിരുന്നു അടുത്ത ശുശ്രൂഷകൻ. ഇക്കാലത്ത് അംഗ സംഖ്യയിൽ വർദ്ധനവ് ഉണ്ടായി. ഓടിട്ട പാർസണേജാണ് അന്നുണ്ടായിരുന്നത്. തൊട്ടടുത്ത് പീരുകണ്ണു സാറിന്റെ ഒരു മാവിൽ നിന്ന് മാങ്ങ പൊഴിഞ്ഞ് വീണ് ഓട് പൊട്ടുക പതിവായിരുന്നു. ഇതു ശരിയാക്കാൻ തീരുമാനിച്ചു. കുറേ തടി ഉരുപ്പടികളും ആവശ്യമായി വന്നു. നെടിയവിള ഐ.പി.എഫ് സഭയുടെ അടുത്ത് താഴ്‌വരയിൽ നിന്ന് രണ്ട് വലിയ തെങ്ങ് വലിയ വിലകൊടുത്തു വാങ്ങി അവിടെ അറുപ്പിച്ച് ഞാനും കടുക്കാമൂട് സഹോദരി മേരിയുടെ മക്കളുമായി ചുമന്ന് റോഡിൽ എത്തിച്ചു കാളവണ്ടിയിൽ കൊണ്ടു വന്നു. പാർസണേജിന് വളരെ കുറച്ച് തടി മാത്രമേ വേണ്ടി വന്നുള്ളു. തടി മിക്കവാറും പള്ളിയുടെ സൈഡിൽ വച്ച് ഭദ്രമായി പൊതിഞ്ഞു വച്ചിരുന്നു. ഈ സമയത്ത് സിസ്റ്റർ ജെസിയുടെ ഓലകെട്ടിയ വീട് റിപ്പയർ ചെയ്യാൻ കഴിയാത്തതരത്തിൽ ജീർണ്ണിച്ചിരുന്നു. സഭയുടെ പൊതു തീരുമാന പ്രകാരം ഈ തടി മുഴുവനും ഉപയോഗിച്ച് അവർക്ക് ഒരു വീട് പണിത് കൊടുത്തു. അന്ന് അവരുടെ ആൺമക്കളും മകളും നന്നേ ചെറുപ്പമായിരുന്നു. ഭർത്താവ് ഉപേക്ഷിച്ച നിലയിലായിരുന്നു അവർ. ഈ വീട് ഉദ്ധരിക്കുന്നതിന് യാതൊരു വരുമാന മാർഗ്ഗവും അവർക്കില്ലായിരുന്നു. പാസ്റ്റർ യേശുദാസ് 1990 മെയ് മാസം സ്ഥലം മാറി അമരവിള കണ്ണംകുഴി ചർച്ചിൽ പോയി. അദ്ദേഹം ഇപ്പോൾ കാഞ്ഞിരംകുളം ശുശ്രൂഷകനാണ്.

1990 മെയ് മുതൽ പാസ്റ്റർ എൻ.ജ്ഞാനദാസ് ശുശ്രൂഷകനായി വന്നു. ഈ കാലയളവിൽ ഉണ്ടായിരുന്ന പാർസണേജ് റിപ്പയർ ചെയ്യാൻ പറ്റാത്ത വിധത്തിൽ ജീർണ്ണിച്ചു. 55x20 അടി വിസ്തീർണ്ണത്തിലുള്ള ഹോളിൽ ഞെരുങ്ങി ഇരുന്നാണ് ജനം ആരാധിച്ചിരുന്നത്. സൺഡേസ്കൂൾ വാർഷികം, പ്രത്യേക യോഗം ഇവ നടക്കുമ്പോൾ അത് ഉൾക്കൊള്ളാൻ ഈ ഹോളിനു കഴിഞ്ഞിരുന്നില്ല. സെക്ഷൻതലത്തിൽ യോഗങ്ങൾ നടക്കുമ്പോൾ വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. അന്ന് 250 ഓളം സൺഡേസ്കൂൾ വിദ്യാർത്ഥികൾ ഇവിടെ വചനം അഭ്യസിച്ചിരുന്നു. അതിനാൽ വലിപ്പം കൂടിയ ഒരു ഹോൾ എന്ന ആശയം പൊതുവെ എല്ലാവർക്കും ഉണ്ടായി. അതിനു വേണ്ടി പ്രാർത്ഥനയാൽ പാർസണേജ് ഇരുന്ന തെക്കേ ഭാഗം പൂർണ്ണമായും എടുക്കാനും അടിയിൽ പുറകിലറ്റം പാർസണേജും അതിനു മുകളിലും മുമ്പോട്ടുമായി 100 അടി നീളത്തിൽ ഹോൾ നിർമ്മിക്കാനും തീരുമാനിച്ചു. ശ്രീ.അലക്സാണ്ടർ സാറിനെ (Rtd.Chief Engineer) സമീപിച്ചു. അദ്ദേഹം സ്ഥലത്തു വന്ന് രണ്ടു നിലയായി പണിയാനുള്ള ഒരു പ്ലാൻ തയ്യാറാക്കി അദ്ദേഹത്തിന്റെ പ്രവർത്തനത്തെ നന്ദിയോടെ സ്മരിക്കുന്നു.

പാസ്റ്റർ എൻ.ജ്ഞാനദാസ്, സഭാ സെക്രട്ടറി ജെ.സ്റ്റീഫൻ, ബ്ര.എൽ.ഡേവി എന്നിവർ ചേർന്നുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. ബ്ര.ഡേവി 3 ലക്ഷം രൂപ വരവു വരുന്ന ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി. 1000/- രൂപ മുതൽ 25,000/- രൂപ വരെ കുടുംബങ്ങൾക്ക് നിർദ്ദേശിച്ചു കൊണ്ടുള്ള എസ്റ്റിമേറ്റായിരുന്നു അത്. ഭവനങ്ങളിൽ പോയി ജനത്തെ കാര്യം പറഞ്ഞു മനസ്സിലാക്കി. 'അത്ര തന്നെ ഞാൻ ഉദ്ദേശിച്ചത്' എന്നു ചിലരും, കൂടിപ്പോയി എന്ന അർത്ഥത്തിൽ 'ചെറിയ തുകയല്ലെ ഇട്ടിരിക്കുന്നത്' എന്ന് മറ്റ് ചിലരും പ്രതികരിച്ചു. കൂടുതൽ ആളുകളും എസ്റ്റിമേറ്റ് തുക സന്തോഷത്തോടെ സ്വീകരിച്ചു. 1992 ജനുവരി 2 ശനിയാഴ്ച അന്ന് എ.ജി കൊണ്ണിയൂർ ഉൾപ്പെടെ നെടുമങ്ങാട് സെക്ഷൻ സൺഡേസ്കൂൾ വാർഷികം പൂവച്ചൽ യു.പി എസിൽ നടന്നു. 4 മണിയ്ക്ക് പാസ്റ്റർ റ്റി.ജെ.സാമുവൽ ഹോളിന് തടക്കല്ലിട്ടു.

പാർസണേജ് പൊളിച്ചപ്പോൾ പാസ്റ്റർക്ക്

താമസ സൗകര്യം ഇല്ലാതെ വന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ പഴയ പള്ളിയുടെ ഒരു സൈഡിൽ ഒരു റൂം ഉണ്ടായിരുന്നു. പുറകിൽ ഓല കൊണ്ട് ഒരു ഷെഡ് വച്ച് അടുക്കളയായി ഉപയോഗിക്കുകയും ചെയ്തുകൊണ്ട് വളരെ ഇടുങ്ങിയ നിലയിൽ തന്നെ പാസ്റ്റർ ജ്ഞാനദാസും കുടുംബം കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ തന്നെ താൽപ്പര്യ പ്രകാരമാണ് അപ്രകാരം താമസിച്ചത്. ഏറെ താമസിയാതെ മെയിൻ റോഡിന്റെ സൈഡിൽ ഒരു പഴയ കെട്ടിടവും പുരയിടവുമായി ദൈവം എനിക്കു നൽകി. തിരുനാമം മഹത്വപ്പെടുമാറാകട്ടെ. പാസ്റ്റർ ജ്ഞാനദാസും പിന്നീട് ഈ വീട്ടിൽ താമസമായി. അദ്ദേഹം ഇവിടെ ആയിരിക്കു മ്പോൾ മകൾ ദെബോറയുടെ വിവാഹം നടന്നു. ഇവിടുത്തെ ജനത്തിന്റെ എല്ലാ വിധത്തിലുമുള്ള സഹകരണം അദ്ദേഹത്തിനു ലഭിച്ചു. മകൾ ദെബോറ കുഴിത്തകിടിയിൽ പരേതനായ പാസ്റ്റർ എബനീസറിന്റെ സ്ഥലം വാങ്ങി അവിടെ വീടുവച്ച് താമസിക്കുന്നു. ആ കുടുംബം എ.ജി കൊണ്ണിയൂർ സഭാംഗങ്ങളാണ്.

വിദേശത്തു നിന്നോ സ്വദേശത്തു മറ്റുള്ളവരിൽ നിന്നോ ഉള്ള കാര്യമായ സഹായം കൂടാതെ സ്വന്തം സഭാജനങ്ങളുടെ ഉദാരമായ സംഭാവനകളാലും ശ്രമദാനത്താലും സഭാഹോൾ, പാർസണേജ് ഇവയുടെ പണി പുരോഗമിച്ചു. തടി ഉള്ളവർ അതു നൽകി. പണം ധാരാളമായി നൽകി. ശ്രമദാനം നടത്തിയും ഈ കെട്ടിടപ്പണിയെ പ്രോത്സാഹിപ്പിച്ചു. കുഴിത്തകിടിയിലെ ഒന്നാമത്തെ സഭാഹോളും ഉണ്ടപ്പാറയിലെ രണ്ടാമത്തെ സഭാഹോളും തുടർന്നുള്ള അതിന്റെ വിപുലീകരണവും കൊണ്ണിയൂർ സഭാംഗങ്ങളുടെ ദൈവീക ആശ്രയത്തെ വർദ്ധിപ്പിച്ചതു പോലെ തന്നെ പുതിയ ഹോളിന്റെ പണിയിലും ദൈവീക നടത്തിപ്പ് പ്രകടമായിരുന്നു. ഹോൾ പണി നടന്നു കൊണ്ടിരിക്കുമ്പോഴും ആവശ്യം എന്ന് ബോദ്ധ്യമായ സഭകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 1993 ഡിസംബർ 29-ന് പാർസണേജ് ഉൾപ്പെട്ട ആദ്യ നില വാർത്തു. സഭയിലെ എല്ലാ ജനവും അന്ന് പള്ളി കോമ്പൗണ്ടിൽ സന്നിഹിതരായിരുന്നു. ശരിക്കും ഉത്സവം തന്നെയായിരുന്നു. ചെറുപ്പക്കാരും പ്രായമുള്ളവരും എല്ലാം കോൺക്രീറ്റ് ചുമന്നു, വെള്ളം കോരി, കോൺക്രീറ്റ് കുഴച്ചു, മണൽ ചുമന്നു, മെറ്റൽ ചുമന്നു.

ഇത്രയും ആയപ്പോൾ സഭാഫണ്ട് മുഴുവനും തീർന്നു. ജനം തന്നുകൊണ്ടിരുന്ന സംഭാവനകളും അടുത്ത പണി തുടങ്ങത്തക്ക വണ്ണം എത്തിയിരുന്നില്ല. പള്ളിയ്ക്ക് പ്ലാൻ തയ്യാറാക്കിയതിൽ പാർസണേജ് ഭാഗം മാത്രമേ വാർത്തുള്ളു. അതിന്റെ മുകൾ ഭാഗം പണി നടക്കണം. പള്ളിയ്ക്ക് പകുതിയ്ക്ക് മുമ്പോട്ട് കുഴി ഉണ്ടാക്കണം. (പില്ലർ നാട്ടാൻ) കമ്പി, സിമെന്റ്, മണൽ, മെറ്റൽ ഇവ വാങ്ങണം പണി നടക്കണം. അതിനുള്ള കൂലി കൊടുക്കണം. 100'x34' വിസ്തീർണ്ണത്തിലുള്ള ഹോൾ ഉണ്ടാകണം. ജെ.സ്റ്റീഫനുമായി കൂടിയാലോചിട്ടു. ഡിസ്ട്രിക്റ്റ് ചിലരുമായും ബന്ധപ്പെട്ടു. ആരും പ്രതികരിച്ചില്ല. പൊതുയോഗം വിളിച്ചുകൂട്ടി വിഷയം അവതരിപ്പിച്ചു. പലിശയില്ലാത്ത വായ്പ ആരിൽ നിന്നും സ്വീകരിക്കാമെന്നും എങ്കിൽ പണം വരുമ്പോൾ തിരികെ കൊടുക്കാം എന്നു ഒരു തീരുമാനമുണ്ടായി. തുടർന്ന് ജെ.സ്റ്റീഫൻ സാധനങ്ങൾ വാങ്ങാനുള്ള പണം തന്നുകൊണ്ടേയിരുന്നു. പണിക്കൂലി ഞാനും കൊടുത്തുവന്നു. ഇടയ്ക്കിടെ വരി പറഞ്ഞ ജനം പണം തന്നുകൊണ്ടേയിരുന്നു. അങ്ങനെ 26.12.1994-ന് സഭാഹോളിന്റെ ആദ്യ പകുതിയും 25.04.1995-ന് രണ്ടാം പകുതിയും വാർത്തു. തടി വെട്ടി അറുപ്പ്, മണൽ കല്ലാർ നിന്നും കൊണ്ട് വന്നത് കൂടാതെ ശ്രമദാനങ്ങൾക്ക് നേതൃത്വം കൊടുത്തതും ബ്രദർ സോളമൻ ആയിരുന്നു.

1995 ഏപ്രിൽ 30-ന് പാസ്റ്റർ ജ്ഞാനദാസ് വിഴവൂർ സഭയിലേയ്ക്ക് സ്ഥലം മാറിപ്പോയി. 1995 ജൂൺ 15-ന് പാസ്റ്റർ എ.മോസ്സസ് പറണ്ടോട് നിന്ന് കൊണ്ണിയൂർ സഭയിൽ സ്ഥലം മാറി വന്നു. പള്ളി മേൽക്കൂര വാർത്തുവെങ്കിലും ധാരാളം പണി അവശേഷിച്ചു. നേരത്തെ എസ്റ്റിമേറ്റ് ഇട്ട മൂന്നു ലക്ഷം തികഞ്ഞില്ല. ഓരോരുത്തർക്കും നിശ്ചയിച്ച തുക ഇരട്ടിയും അതിലധികവും തന്നെ കുടുംബങ്ങൾ ഉണ്ട്. പലരും ധാരാളം പണം നൽകി. കുറെ

ഏറെ കടം എടുത്തു. സഭാഹോളിന്റെ പണി കഷ്ടിച്ച് പൂർത്തിയാക്കി. ***1998 ജൂൺ 20-ന് ഹോൾ പ്രതിഷ്ഠിച്ചു***. ദൈവനാമം മഹത്വപ്പെടട്ടെ. സഭാഹോളിന് സംഭാവനയും ശ്രമദാനവും നൽകി സഹായിച്ച എല്ലാ വിശ്വാസികൾക്കും സ്നേഹിതർക്കും നന്ദി അർപ്പിക്കുന്നു. ഏറെ താമസിയാതെ പാർസണേജും ഒരു മാതിരി പൂർത്തിയാക്കി. ഒരു ഞായർ സഭായോഗം കഴിഞ്ഞ് സഭാ ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. പാസ്റ്റർ മോസ്സസും കുടുംബവും അവിടെ താമസമായി. ശേഷം അടുത്ത അഞ്ചു വർഷം കാര്യമായ പണി ഒന്നും നടന്നില്ല. പഴയ പള്ളി നിലനിർത്തിയിരുന്നു. ഇടയ്ക്കിടെ പൊതുവായി ആഹാരം ഉണ്ടാവും അതിന് അതു ഉപയോഗപ്പെടുത്തി. സൺഡേസ്കൂൾ ക്ലാസുകളും അവിടെ നടത്തി.

1926-ൽ ആരംഭിച്ച കൊണ്ണിയൂർ സഭ 2001 മെയ് 24 വ്യാഴം മുതൽ 27 ഞായർ വരെ അതിന്റെ പ്ലാറ്റിനം ജൂബിലി (75 വർഷം ആഘോഷിച്ചു. എസ്.ഐ.ജി അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ പി.എസ്.രാജമണി ജൂബിലി സമ്മേളനം ഉത്ഘാടനം ചെയ്ത് മുഖ്യ സന്ദേശം നൽകി. പാസ്റ്റേഴ്സ് പോൾ ഗോപാലകൃഷ്ണൻ, പി.എൻ.സഖറിയ, ഇസക്കിയേൽ ജോഷ്വ, ജോ വാലൻ സൂഡ, റ്റി.ജെ.സാമുവൽ, പി.എസ്.ഫിലിപ്പ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ പ്രസംഗിച്ചു. 27 ഞായർ ഉച്ചയ്ക്ക് തിരുവത്താഴത്തോടുകൂടി ജൂബിലി ആരാധന അവസാനിച്ചു. തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

മുമ്പു തന്നെ പള്ളി ഹാൾ പോല തന്നെ അത്രയും വലിപ്പത്തിൽ മുകളിൽ ഒരു ഹാൾ ഉണ്ടാവണം എന്ന ആഗ്രഹം ഉണ്ടായിരുന്നു. ഈ കാര്യം പലരുമായി സംഭാഷിച്ചു. 12.10.2003-ൽ ചേർന്ന ജനറൽ ബോഡിയോഗം അതിനെപ്പറ്റി കൃത്യമായ തീരുമാനമെടുത്തു. ഒരു തവണ കൂടി ഹാൾ പണിക്കുവേണ്ടി പിരിവ് എടുക്കണം എന്ന് തീരുമാനിച്ചു. ചില ആഴ്ചകൾ കഴിഞ്ഞ് പിരിവ് എടുക്കാം എന്നും ഓരോ കുടുംബവും ആലോചിച്ച് കഴിയുന്ന തുക പറയണം എന്നും തീരുമാനമായി. അങ്ങനെ 3 ആഴ്ച കഴിഞ്ഞ് സ്വമേധയാ കുടുംബങ്ങൾ അവരവർക്ക് കഴിയുന്ന തുക പറഞ്ഞു. അതു ബുക്കിൽ രേഖപ്പെടുത്തി. ഗഡുക്കളായി തന്നാൽ മതി എന്നും തീരുമാനമായി. ആദ്യ ഹാളിന് ഉണ്ടായതുപോലെ ഉള്ള ആവേശം രണ്ടാമത്തിന് ഉണ്ടായില്ല എങ്കിലും പണം ലഭിച്ചുകൊണ്ടിരുന്നു. മുകളിലത്തെ ഹാൾ പണിയിൽ ഏറ്റവും കൂടുതൽ ആഹ്ലാദിച്ചത് ഞാനായിരുന്നു. സെക്രട്ടറി സ്റ്റീഫൻസാർ പറയുകയും ചെയ്തു. ഡേവി സാറിന്റെ പ്രത്യേക താൽപ്പര്യ പ്രകാരമാണ് മുകളിലത്തെ ഹാൾ പണിയാൻ ആലോചിക്കുന്നത് എന്ന്. ആ സമയത്ത് ഓലത്താന്നിയിൽ നിന്ന് സമൃദ്ധിയായി മണൽ ലഭിച്ചതു ഒരു അനുഗ്രഹമായിരുന്നു. 10 ലോഡ് മണൽ 4500/-രൂപ വച്ച് ഒന്നിച്ച് ഇറക്കിയിട്ടു മുകളിലത്തെ ഹോൾ മുഴുവനായും വാർത്തു കഴിയുന്നതുവരെയും ഇത്രയും മണൽ തികഞ്ഞു. ചുടുകല്ലും ഓലത്താന്നിയിൽ നിന്നു കൊണ്ടുവന്നു.

മുകളിലത്തെ നില വാർത്തതും 2 ഘട്ടങ്ങളായിട്ടാണ്. വാർക്കുന്നതിന് 2 ഘട്ടങ്ങൾക്കും മൊത്തമായി അടങ്കൽ കൊടുക്കുകയായിരുന്നു. ഈ രണ്ടു ഘട്ടങ്ങളിലും നമ്മുടെ വിശ്വാസികളും വിശേഷിച്ച് ചെറുപ്പക്കാരും "ഞങ്ങൾ എല്ലാവരും ഉണ്ടാവും ഇതു ഞങ്ങളുടെ ഉത്സവമാണ് ഞങ്ങൾക്കും പണി തരണം" എന്ന് തറപ്പിച്ചു പറഞ്ഞു. അടങ്കൽ തുകയിൽ കുറവു വരുത്തി. മണൽ ചുമക്കുക മെറ്റൽ എത്തിക്കുക, വെള്ളം ഒഴിക്കുക തുടങ്ങിയ ധാരാളം പണികൾ അവർ ചെയ്തു. ജനത്തിന്റെ ആവേശം എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. 22.11.2004-ന് ആദ്യഘട്ടവും 20.12.2004-ന് രണ്ടാം ഘട്ടവും വാർത്തു.

31.05.2001-ന് പാസ്റ്റർ എസ്.മോസ്സസ് മുക്കോല സഭയിലേയ്ക്ക് സ്ഥലം മാറിപ്പോയി. അന്നേ ദിവസം പാസ്റ്റർ യാഹ്ദത്തമണി മുക്കോല നിന്ന് എ.ജി.കൊണ്ണിയൂർ സഭയിലേയ്ക്ക് സ്ഥലം മാറി വന്നു. പാസ്റ്റർ യാഹ്ദത്തമണി, മുക്കോല സഭയിൽ തുടക്ക ശുശ്രൂഷകനായിരുന്നു. 1980 കാലയളവിൽ മുക്കോലയിൽ കൂടിവന്ന വിശ്വാസികൾ എ.ജി യുമായും ബന്ധം വേണമെന്നും ഒരു ശുശ്രൂഷകന്റെ സേവനം വേണമെന്നും ആഗ്രഹിച്ചു. ബൈബിൾ പഠനം

പൂർത്തിയാക്കി നിന്ന പാസ്റ്റർ യാഹ്ദത്തമണിയെ അവിടെത്തേയ്ക്ക് നിദ്ദേശിച്ചതും കൊണ്ടാക്കിയതും ഞാനായിരുന്നു. അദ്ദേഹം മുക്കോല നിന്നു പിരിയുമ്പോൾ നല്ല ഒരു കൂട്ടം വിശ്വാസികൾ അവിടെ ഉണ്ടായി. വലിപ്പമുള്ള ഒരു സഭാഹാളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പണിതിരുന്നു. ഇവിടെ ശുശ്രൂഷകനായിരിക്കുമ്പോഴാണ് രണ്ടാം നില വാർത്തത്.

രണ്ടാം നില വാർത്തു കഴിഞ്ഞു എങ്കിലും മറ്റു പണികൾ എല്ലാം അവശേഷിച്ചു. ആദ്യത്തതിന്റെ കടം വീട്ടിയിട്ടില്ല. സ്റ്റീഫൻ സാറിന് കുറെ തിരികെ കൊടുത്തു. ഡേവി സാറിന് ഒന്നും തിരികെ കൊടുത്തിട്ടില്ല. പ്ലാസ്റ്റർ ഉടനെ നടത്തിയില്ലെങ്കിൽ കമ്പിക്കു കേടുവരും. ബ്രദർ ഇസക്കിയേലിനെ സമീപിച്ചു. 3 ലക്ഷം രൂപ കടമായി ആവശ്യപ്പെട്ടു. അദ്ദേഹം സന്തോഷത്തോടെ 3 ലക്ഷം രൂപ കടമായി നൽകി. ഈ ചരിത്രം എഴുതുമ്പോൾ സഭയ്ക്ക് കടമില്ല. സ്റ്റീഫൻ സാറിന് 2 തവണയായും, ഡേവി സാറിന് ഏറ്റവും ഒടുവിൽ മാസം തോറും 10,000/-രൂപ വച്ചും കടം എല്ലാം കൊടുത്തു തീർത്തു. ദൈവം എത്ര വലിയവൻ!

പാസ്റ്റർ യാഹ്ദത്തമണിയ്ക്ക് 3 പെൺ മക്കളാണ് . മൂത്തമകളുടെ വിവാഹം എ.ജി. കൊണ്ണിയൂർ വച്ച് നടന്നു. 29.05.2005-ന് അദ്ദേഹം കാവടിത്തലയ്ക്കൽ സഭയിലേയ്ക്ക് സ്ഥലം മാറിപ്പോയി. എ.ജി.ഊരൂട്ടമ്പലം സഭയിൽ നിന്ന് പാസ്റ്റർ ഐസക് ഇവിടെ ചാർജ്ജ് എടുത്തു. പാസ്റ്റർ ഐസക് ശുശ്രൂഷകനായിരിക്കുമ്പോൾ തച്ചംകോട് പ്രവർത്തിക്കുന്ന ബാലഭവനിലെ കുഞ്ഞുങ്ങളും അതിന്റെ ഡയറക്ടർ ബ്രദർ ഫ്രാൻസിസും ഇവിടെ സൺഡേസ്കൂളിലും സഭായോഗങ്ങളിലും പങ്കെടുക്കാൻ ആരംഭിച്ചു. അവർ ഇന്നും ആ നില തുടർന്നു വരുന്നു.

27.07.2007-ൽ പാസ്റ്റർ ഐസക് മൈലക്കര എ.ജി സഭയിൽ സ്ഥലം മാറിപ്പോയി. എ.ജി നെടുമങ്ങാട് നിന്ന് പാസ്റ്റർ എൻ.ജ്ഞാനദാസ് ഇവിടെ ചാർജ്ജ് എടുത്തു. അദ്ദേഹം രണ്ടാം തവണ ഇവിടെ ശുശ്രൂഷകനാകുകയാണ്. ഇതിനിടയിൽ അദ്ദേഹം എ.ജി.കൊണ്ണിയൂരിൽ അംഗത്വം നേടിയിരുന്നു. മകൾ ദെബോറയുടെ വീടിനടുത്തു അദ്ദേഹം വീട് പണിതു. വളരെ ശക്തിയായി ദൈവവചനം പ്രസംഗിക്കുമായിരുന്നു. പ്രസംഗിക്കും പോലെ ജീവിച്ചു. അദ്ദേഹം പലപ്പോഴും രോഗിയായി. ഡയബെറ്റിക്സ് അദ്ദേഹത്തെ വല്ലാതെ ബാധിച്ചു. പലതവണ ഹോസ്പിറ്റലിൽ ചികിത്സ നടത്തി. 01.05.2010-ന് അദ്ദേഹം കർത്തൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷ ഉചിതമായി നടത്തുവാൻ സഭയ്ക്കു കഴിഞ്ഞു. അദ്ദേഹം പ്രതി ഫലം പ്രാപിപ്പാൻ ഉയിർത്തെഴുന്നേറ്റുവരും. തന്റെ ഭാര്യയ്ക്ക് സഭ മാസംതോറും ഒരു സഹായം നൽകുന്നുണ്ട്.

06.06.2010-ന് പാസ്റ്റർ എൻ.ക്രിസ്തുദാസ് കവഡിയാർ എ.ജിയിൽ നിന്നും ഇവിടെ ചാർജ്ജ് എടുത്തു. പല ഉന്നത പദവികൾ അലങ്കരിച്ചിട്ടുള്ള പാസ്റ്റർ ക്രിസ്തുദാസ് ഇവിടെ സഭാ ശുശ്രൂഷകനായി. സഭയ്ക്ക് ആത്മീയമായ ഒരു വളർച്ചയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നു.

പഴയ എൽ.എം.എസ് സമൂഹത്തിൽ നിന്ന് പെന്തക്കോസ്ത് ഉപദേശത്തിലേയ്ക്ക് വന്ന ഈ സഭ ഇപ്പോഴും ക്രിസ്തുമസ് ആരാധനയും, കഷ്ടാനുഭവ ആഴ്ചയിലെ ആരാധനകളും മുടക്കം കൂടാതെ നടത്തിവരുന്നു. പെരുന്നാളുകളോ സ്ഥിരമായ വാർഷിക കൺവെൻഷനുകളോ ഇല്ലാത്ത ഈ സഭയുടെ അംഗങ്ങളുടെ ഒരു ഉത്സവം തന്നെയാണ് ക്രിസ്തുമസ് ലേലവും ആരാധനയും. ക്രിസ്തുമസ് ലേലം സഭയുടെ ഒരു വരുമാന മാർഗ്ഗം കൂടിയാണ്. എൽ.എം.എസിൽ നിന്നും ലഭിച്ച അനുകരണീയമായ എല്ലാ നല്ല കാര്യങ്ങളും സഭ ഇന്നും സൂക്ഷിക്കുന്നു.

സഭയുടെ ആദ്യകാലയളവിൽ സുവി.ഡി.ലാസർ, പാസ്റ്റർ ഡി.ജോഷ്വ, പാസ്റ്റർ.പി.കെ.വർക്കി എന്നിവരുടെ കാലത്തുണ്ടായിരുന്ന സുവിശേഷ തീഷ്ണത ക്രമേണ മങ്ങി എങ്കിലും പാസ്റ്റർ വി.ദേവദാസ്, പാസ്റ്റർ. എസ്.പുന്നൂസ് എന്നിവർ സുവിശേഷീകരണത്തിൽ പുതുക്കിയ അദ്ധ്യായങ്ങൾ സൃഷ്ടിച്ചു. ബ്രദർ എൽ.ജസ്റ്റസ് യുവാക്കൾക്ക് നേതൃത്വം നൽകി. ബ്രാഞ്ചു

സഭകൾ ഉണ്ടായി. തുടർന്ന് ബ്രദർ ജെ.സോളമന്റെ നേതൃത്വത്തിൽ സി.എ ഘടകം പ്രവർത്തനങ്ങൾ നടത്തി. ഭവനങ്ങൾ സന്ദർശിച്ചു. സഭയുടെ മൂന്ന് കിലോ മീറ്റർ ചുറ്റും സുവിശേഷം എത്തിക്കുക എന്ന ലക്ഷ്യത്തോടെ സഹോദരന്മാരായ ബാബുജോയ്, അനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സുവിശേഷ സർവ്വെ സഭയ്ക്ക് വളരെ അനുഗ്രഹമായിരുന്നു. സുവിശേഷ യോഗങ്ങൾ നടത്തി. സൺഡേസ്കൂളുകൾ സംഘടിപ്പിച്ചു. ഇതിൽ വഴുതനമുകൾ പ്രവർത്തനം നിലനിന്നില്ല എങ്കിലും അവിടെ ഇപ്പോൾ ഡോ.കെ.പി.യോഹന്നാന്റെ ഒരു പ്രവർത്തനം ഉണ്ട്. ഇടയ്ക്കിടെ ഞായർ ഉച്ചകഴിഞ്ഞ് ഭവന സന്ദർശനങ്ങളും തുടർന്ന് സുവിശേഷ പ്രസംഗവും നടത്തിവന്നു. കൊണ്ണിയൂർ ഈന്തിവിള നടന്നുവന്ന സൺഡേസ്കൂളും നിലനിന്നില്ല. ഇപ്പോൾ ബ്രദർ ബാബുജോയ് സി.എയുടെ പ്രസിഡന്റാണ്. ഭവന സന്ദർശനവും തുടർന്നുള്ള സുവിശേഷ പ്രസംഗങ്ങളും നടക്കുന്നു. സഭാസ്ഥാപനം പ്രവർത്തനം എന്ന നിലയിൽ ഇതിന് ഫോളോ അപ്പ് വർക്ക് കൂടെ ഉണ്ടായാൽ പ്രയോജനമായിരിക്കും. ഇപ്പോഴത്തെ പാസ്റ്റർ എൻ.ക്രിസ്തുദാസ് ഈ കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ സർവ്വ ശക്തൻ അദ്ദേഹത്തെ പ്രാപ്തനാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

********